# ജാമക്കാരൻ
# JAMAKKARAN

VOLUME - 3 Reg NO.TNBIL/2016/70171 ISSUE -12

DECEMBER- 2019 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=


**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**


0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com




കർത്താവിൽ പ്രിയരെ,

നിങ്ങൾക്ക് എല്ലാപേർക്കും യേശുക്രിസ്തുവിന്റെ നാമത്തിൽ വന്ദനം പറയുന്നു. ഈ മാസം ക്രിസ്തുമസ് ആഘോഷം നിങ്ങൾ എല്ലാവരുടെ വീട്ടിലും ഉണ്ടാകും എന്ന് വിശ്വസിക്കുന്നു. യേശു ജനിച്ചത് **ക്രിസ്ത്യാനികൾക്ക് വേണ്ടി അല്ല** ലോകത്തിൽ എല്ലാവരുടെയും പാപമോചാനത്തിനു വേണ്ടി ജനിച്ചു, രക്തം ചിന്തി മരിച്ചു, ഇപ്പോഴും ജീവനോടെ ജീവിക്കുന്നു (എബ്രേ 7:25). ഈ ക്രീസ്തു ജനിച്ച സന്തോഷം എല്ലാ ദിവസവും എല്ലാ മാസവും എല്ലാ നിമിഷവും ഒരോരുത്തരുടെ ഉള്ളിലും ഉണ്ടായിരിക്കുമാറാകട്ടെ

- കഴിഞ്ഞ മാസങ്ങൾ നടന്ന എല്ല യോഗങ്ങളും വളരെ അനുഗ്രഹപ്രദമായിരുന്നു. രോഗസൗഖ്യം ലഭിച്ചവരും മാനസാന്തരപെട്ടവരും ദൈവത്തിനു നന്ദി പറഞ്ഞു കത്തുകൾ എഴുതിയിരിക്കുന്നതു വളരെ സന്തോഷം ഉണ്ടാക്കി.


ജാമക്കാരൻ JAMAKKARAN


# DECEMBER - 2019

**കേരളത്തിൽ** പല സ്ഥലങ്ങളിൽ നടന്ന ദൈവവേലയിലും കൂട്ടായ്മ യോഗങ്ങളിലും അച്ചന്മാർ കുപ്പായം ഇടാതെ തന്നെ സംബന്ധിച്ചതു മനസ്സിനു വിഷമം ഉണ്ടാക്കി. മോഡറേറ്റർ അവർകളെക്കുറിച്ചു വിമർശിച്ചു എഴുതിയതു ഭൂരിപക്ഷം പേർ ശരി, ന്യായം എന്നു മനസ്സിലാക്കിയാലും ജോലി വിഷയത്തിൽ അവർക്കുണ്ടായ ഭയം കാരണം കുപ്പായം ഇടാതെ തന്നെ വന്നു സംബന്ധിച്ചു. മോഡറേറ്റർ അവർകളുടെ **നവീന ഉപദേശങ്ങൾ** വളരെയധികം പേരുടെ കൈയ്യിൽ എത്തിയിട്ടില്ല ആ വിവരങ്ങൾ അടങ്ങിയ ജാമക്കാരൻ ചിലർ അവർക്ക് അയക്കാൻ വേണ്ടി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. രണ്ടു മൂന്നു അച്ചന്മാർ ഇങ്ങനെ എഴുതി: ജാമക്കാരൻ എഴുതിയ വിവരങ്ങളെ മദ്ധ്യ കേരളത്തിൽ ധാരാളം പേർ വായിച്ചറിഞ്ഞു വിഷമിച്ചു. ആ ഉപദേശം പ്രവർത്തിയിൽ വരാത്തതു കൊണ്ടു അതു അവർ അത്ര കാര്യമാക്കിയില്ല. മാത്രമല്ല മോഡറേറ്റർ അവർകൾക്കു പെട്ടന്നുണ്ടായ **പക്ഷാഘാതം** (Stroke) കാരണാമായി ധാരാളം പേർക്ക് അദ്ദേഹത്തോടു സഹതാപം ഉണ്ടായി. അദ്ദേഹത്തിന്റെ നവീന ഉപദേശങ്ങൾ മുഖാന്തരമുള്ള വെറുപ്പും

**സഹതാപം കാരണം മാറിപ്പോയി.**

- ☐ അന്യഭാഷയെക്കുറിച്ചു തുടർച്ചയായി പലമാസങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നതു കൊണ്ടു 24 സയോസിസുകളിൽ, ചില സയോസിസുകളിൽ നടക്കുന്ന അഴിമതിയും പ്രശ്നങ്ങളും, അതിനെക്കുറിച്ചുള്ള വായനക്കാരുടെ ചോദ്യങ്ങൾക്ക് മറുപടിയും അയക്കാൻ സാധിക്കാതെ പോയി. ദൈവം നമ്മുടെ സഭകളെ അനുഗ്രഹിക്കുമാറാക്കട്ടെ.

ഡോ. പുഷ്പരാജ്

# രാമജന്മഭൂമിയും സുപ്രീംകോടതി വിധിയും.

സുപ്രീംകോടതി വിധിയെക്കുറിച്ചു, വിധി തെറ്റെന്നു പറയാൻ പാടില്ല . ഞാനും അതിനെക്കുറിച്ചു വിമർശിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ നിയമോപദേശകർ ചിലർ പറയുന്നതായിട്ടു പറയപ്പെടുന്ന പ്രധാനവിഷയം എനിക്കും അത് ന്യായമായി തോന്നുന്നു. ആ **രാമജന്മഭൂമി** പ്രശ്നങ്ങൾക്ക് പ്രധാന കാരണം ആയോധ്യയിൽ **ബാബറിമസ്ജിദ്** തകർക്കപ്പെട്ടതാണ്. അതു തകർക്കാൻ കാരണമായ ഏകദേശം 45 പേരുടെ പേരിലും എഫ്.ഐ.ആർ ഫയൽ ചെയ്ത് കോടതിയിലും കേസ് നടന്നുകൊണ്ടിരുക്കുന്നു. സുപ്രീം കോടതി വരെ വന്നെത്തി, ഇന്ത്യമുഴുവനും വിധി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഈ നിലയിൽ ആദ്യം ബാബറിമസ്ജിദിനെക്കുറിച്ചുള്ള വിധി വന്നിരുന്നെങ്കിൽ ന്യായമായിരിന്നേനേ, എന്നു പൊതു ജനം പറയുന്നതു കേൾക്കാനിടയായി. ഇപ്പഴേ ബാബറിമസ്ജിദിനെ ഇടിച്ചവരിൽ ചിലർ മരിച്ചുപോയി. ബാക്കിയുള്ള വരും മരിക്കുന്നതുനു മുമ്പു വിധിവരുന്നതു ജനങ്ങൾക്ക് സുപ്രീം കോടതിയുടെ മേൽ നല്ല വിശ്വാസം ഉണ്ടാക്കും.

ഇതിന്റെ മദ്ധ്യേ രാമജന്മഭൂമി വിധി വളരെ ധിർതിയായി പുറത്തു വന്നതു ഇസ്ലാമ്യരുടെ ഇടയിൽ രണ്ടു വിധമായി വ്യത്യസ്ഥ അഭിപ്രായങ്ങൽ ഉണ്ടാക്കി. എങ്ങനെയോ മിസ്റ്റർ അമിത്ഷാ, മിസ്റ്റർ മോദി അവർകളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും നിറവേറി. ഈ സമയം തിരഞ്ഞെടുപ്പു ഫലം വരുന്നതിനുമുമ്പുള്ള രാത്രി ഇല്കഷനിൽ ഭൂരിപക്ഷം ജയം ലഭിച്ചു, എന്നുള്ളതിനു അടയാളമായി വിരുന്നുവച്ചു ആഘോഷിച്ചതു, ഈ അവസരത്തിൽ ഓർക്കുമ്പോൾ, വിരുന്നുവച്ചു ആഘോഷിച്ചതു,

ഈ അവസരത്തിൽ ഓർക്കുമ്പോൾ, ഇന്ത്യയുടെ സ്ഥിതി ഭയത്തെ ഉണ്ടാക്കുന്നു. എന്നാലും നമുക്കെല്ലാവർക്കും ഇന്ത്യ ദേശത്തിന്നു വേണ്ടിയും ഭരിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കാം. പലവിധത്തിലും തോൽവിയും നഷ്ടങ്ങളും പരാജയങ്ങളും  അനുഭവിച്ചു കൊണ്ടിരിക്കുന്ന ഇന്ത്യൻ ജനങ്ങൾക്കു വേണ്ടി  പ്രാർത്ഥിക്കാം.

കോടതിയിൽ വിധി എഴുതുന്നവർ എല്ലാപരും മനുഷ്യരാണ്. ഒരു കോടതിയിൽ കുറ്റവാളി എന്നു തെളിയിക്കപ്പെട്ടവർ അടുത്തകോടതിയിൽ നിരപരാധി എന്നു പറഞ്ഞു വിടുവിക്കപ്പെടുന്നു. അതിനെക്കാൾ വലിയ കോടതിയിൽ പോയാൽ, വീണ്ടും അവൻ വധശിക്ഷ വിധിക്കപ്പെടേണ്ടവൻ തന്നെ, എന്നു വിധിവരുന്നു. ഇതെല്ലാം തെളിവുകളുടെ അടിസ്ഥാനത്തിൽ വിധി പറുയുന്ന, ബഹുമാനമുള്ള ജഡ്ജിമാരുടെ മാനുഷീക തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഈ വ്യത്യാസങ്ങൾ സംഭവിക്കുന്നു.ചിലപ്പോൾ, ഇതെല്ലാം ചിന്തിക്കുമ്പോൾ, **ന്യായം എവിടെ** എന്നുള്ള ചോദ്യത്തോടെ മനുഷന്റെ ജീവിതം അവസാനിക്കുന്നു.

## നീതി ഉള്ള ന്യായാധിപതി

ലോകത്തിൽ ഏള കോടതിയിലും ഏതു തരത്തിലുള്ള വിധിയും വന്നാലും, നീതിയുള്ള ന്യായാധിപതിയായി ഇനി വരുവാനുള്ള യേശുക്രീസ്തു മൂലമായി ശരിയായിട്ടുള്ള നീതിയെ, ആകാംഷയോടു ജനങ്ങൾ കാത്തിരിക്കുന്നു. സർവ്വചാരാചരങ്ങളേയും ഉണ്ടാക്കിയ യഥാർത്ഥ നീതിയുള്ള ന്യായാധിപതി വിധി നല്കിയാൽ, ശരിയായ ന്യായം കിട്ടും. മാത്രമല്ല തെറ്റായ വിധി നല്കിയവർക്കു ശിക്ഷയും കിട്ടും. ന്യായാധിപതിയായ യേശുക്രീസ്തുവിന്റെ വരവിനായി നമുക്കെല്ലാവർക്കും ഒരുങ്ങാം. കർത്താവേ വേഗം വരണമേ.

മാറ നാഥാ,,,,...!!!

# അന്യഭാഷാകുഴപ്പം

4

**ഒരു ജാമക്കാരൻ പ്രസിദ്ധീകരണം**

(*പ്രസാധകൻ : **Dr.*** **പുഷ്പരാജ്,** സേലം–5)

**പ്രസാധക കുറിപ്പ്**




*പ്രസാധകൻ :*

***Dr.* പുഷ്പരാജ്**

കഴിഞ്ഞ പ്രാവശ്യം എഴുതിയ രണ്ടു പ്രധാന ഉദാഹരണങ്ങൾ നിങ്ങൾ വായിച്ചിരിക്കും.

ഇപ്പോഴും, ഈ കാലത്തിലും **അന്യഭാഷ ഉണ്ട്** എന്നു **ഞാനും സമ്മതിക്കുന്നു**. വേദപുസ്കം അങ്ങനെ തന്നെ പറയുന്നു. പക്ഷെ അതു സഭക്കായി കൊടുക്കപ്പെട്ടതല്ല. പുതിയ നിയമ പുസ്തകം നമ്മുടെ കയ്യിൽ ഏല്പിക്കപ്പെട്ടതിനുമുമ്പു സഭയ്ക്കു അന്യഭാഷവരമായി കൊടുക്കപ്പെട്ടു. 1 കൊരി 13:10 എഴുതിയപ്രകാരം **പൂർണ്ണമായതു വരുമ്പോഴോ അംശമായതു നീങ്ങിപ്പോകും**. അതുകൊണ്ടു ഇപ്പോഴത്തെ സഭയ്ക്കു അന്യഭാഷ കൊടുക്കപ്പെട്ടിട്ടില്ല. പക്ഷെ വ്യക്തിപരമായ ആളുകൾക്കു സാഹചര്യം അനുസരിച്ചു അന്യഭാഷവരം മൂലം, പരിശുദ്ധാത്മാവു അന്യഭാഷ സംസാരിക്കുന്നു. ഉദാഹരണമായി, തോമസിനെ അന്യഭാഷാവരം മൂലം കേരളത്തിൽ ഉപയോഗിച്ചതുപോലെ, ആന്ധ്രാസംസ്ഥാനത്തിൽ തെലുങ്ക് ഭാഷമാത്രം അറിയുന്ന ഒരു കുടുംബം, പ്രാർത്ഥന വഴിയായി, വീഥിയിൽ പോകുന്ന ഒറിയാഭാഷ മാത്രമെ സംസാരിക്കുന്ന സ്ത്രീയോട്, പരിശുദ്ധാത്മാവ്




ഒറിയാ ഭാഷയിൽ സംസാരിച്ചു, അവളെ ആത്മഹത്യയിൽ നിന്നു തടഞ്ഞു, ആ മുഴു കുടുംബത്തേയും യേശുവിന്റെ കുടുംബാമായി മാറ്റിയതുപോലെ. യേശുക്രിസ്തുവിന്റെ കൃപ എത്ര വലുതാണ്. ദൈവത്തിനു മഹത്വം ഉണ്ടാകട്ടെ.

മുകളിൽ വായിച്ച രണ്ടു അനുഭവങ്ങൾ മാത്രമല്ല, ഇപ്പോൾ നാം ജീവിക്കുന്ന ഈ കാലത്തിലും അന്യഭാഷവരം ഉണ്ടു എന്നുള്ളതിനു ധാരാളം തെളിവുകൾ ഉണ്ട്. ഞാൻ മുകളിൽ പറഞ്ഞ രണ്ടു ഉദാഹരണങ്ങൾ ശ്രദ്ധിക്കുക. (1. തോമസ്, 2. ഒറിയാ ഭാഷ സംസാരിക്കുന്ന സ്ത്രീ) ഇപ്പോൾ 1 കൊരി 14: 22 ശ്രദ്ധിക്കണം. അന്യഭാഷകൾ വിശ്വാസികൾക്കു അടയാളം അല്ല. അന്യഭാഷകൾ അവിശ്വാസികൾക്കാണ് അടയാളം എന്ന് പൌലൂസ് അപ്പോസ്തലൻ പറയുന്നു. പെന്തെക്കോസ്ത് സഭാ വിശ്വാസികളോടു ഞാൻ ചോദിക്കട്ടെ നിങ്ങൾ എല്ലാ വരും **വിശ്വാസികളാണോ? അവിശ്വാസികളാണോ?**

1. തോമസ് – കേരള നമ്പൂതിരികളോടു മലയാള ഭാഷയിൽ, കർത്താവു കൊടുത്ത അന്യഭാഷാവാരം വഴിയായി സുവിശേഷം അറിയിച്ചു ഇതിൽ **അവിശ്വാസികൾ നമ്പൂതിരികൾ ആണ്**. അവർ സംസാരിക്കുന്ന മലയാള ഭാഷ അറിയാത്ത തോമസ്, മലയാളത്തിൽ അവരോട് സംസാരിച്ചത് – അവിശ്വാസികൾക്കു അതു അടയാളം.

2. തെലുങ്കു ഭാഷ സംസാരിക്കുന്ന കുടുംബത്തിൻ മൂലം, ഒറിയ എന്ന അന്യഭാഷയിൽ പരിശുദ്ധാത്മാവു സംസാരിച്ചതു, ഒറിയാഭാഷ സംസാരിക്കുന്ന **അവിശ്വാസിയായ ആ സ്ത്രീക്കു അതു അടയാളമാണ്.)**

പരിശുദ്ധാത്മാവിനെ ഡോ. പുഷ്പരാജ് അവർകൾ വിശ്വസിക്കുന്നില്ല, വരങ്ങളേയും വിശ്വസിക്കുന്നില്ല, പ്രത്യേകിച്ച് അന്യഭാഷാവരങ്ങൾ ഇല്ലന്നു

അദ്ദേഹം വിശ്വസിക്കുന്നു, എന്നെല്ലാം അപവാദം ഇളക്കിവിട്ടു പറയുന്നവർ, ഇപ്പോൾ ഞാനെഴുതിയ ഭാഗത്ത് അന്യഭാഷ വരം ഇപ്പോഴും ഉണ്ട് എന്ന് തെളിവു സഹിതം പറഞ്ഞ ഈ രണ്ടു ഉദാഹരണങ്ങളെ വായിച്ചാൽ, എന്നെക്കുറിച്ചു തെറ്റായി പറഞ്ഞവരുടെ വായ് അടഞ്ഞുപോകും.

## ചോദ്യം ഉത്തരം

**ചോദ്യം:-** ഒരു പാസ്റ്റർ എന്നെ നോക്കി രക്ഷിക്കപ്പെട്ടോ എന്നു ചോദിച്ചു. അതേ ഞാൻ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു മറുപടി പറഞ്ഞു. ഉടനേ ആ പാസ്റ്റർ എന്നാൽ അഭിഷേകം പ്രാപിച്ചോ? എന്നു ചോദിച്ചു അതിനു ഞാൻ അഭിഷേകം എന്നു നിങ്ങൾ ഏതിനെയാണ് സൂചിപ്പിക്കുന്നത് എന്നു ചോദിച്ചു. അതിനു പാസ്റ്റർ പരിശുദ്ധാത്മാ നിറവും അന്യഭാഷ അടായളവും എന്നു മറുപടി പറഞ്ഞു. ആ അനുഭവം എനിക്ക് മനസ്സിലായില്ല എന്നു ഞാൻ മറുപടി പറഞ്ഞു. അതിനു ആ പാസ്റ്റർ ഞങ്ങളുടെ സഭയിൽ നിങ്ങൾ വരണം, അവിടെവച്ചു ഞാൻ ഇതിന്റെ കാര്യങ്ങൾ പറഞ്ഞു താരം എന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ സഭയിൽ പോയില്ല. ഇതിനെക്കുറിച്ചു ഡോക്ടറുടെ അഭിപ്രായം എന്താണ്? (രക്ഷിക്കപ്പെട്ട സി.എസ്.ഐ. സഭാംഗവും പെന്തെക്കോസ്ത് പാസ്റ്ററും തമ്മിലുള്ള സംഭാഷണം. എനിക്ക് വന്ന കത്തിന്റെ ഒരു ഭാഗം)

**ഉത്തരം:-** നിങ്ങൾ ആ സഭയിൽ പോകാത്തതു നന്നായി. അഭിഷേകം എന്ന പദത്തിന് പരിശുദ്ധാത്മാവുമായി ബന്ധിപ്പിക്കുന്ന രണ്ടു **സംഭവങ്ങൾ** പുതിയ നിയമത്തിൽ ഉണ്ട്. അഭിഷേം എന്നു പറയുന്നത് **നിയമിക്കപ്പെടുന്നു** എന്നാണർത്ഥം. ശൗലിനെ യിശ്രായേൽ ജനത്തിനു രാജാവ് അഭിഷേകം ചെയ്യുക എന്നുദൈവം ശമുവേലിനു നിർദ്ദേശം കൊടുത്തു. അതിന്റെ അർത്ഥം ഇനി അവൻ യിശ്രായേൽജനത്തെ ഭരിക്കുന്ന ജോലിമാത്രം ചെയ്യണം എന്ന് ആകുന്നു,. ഈ സ്ഥലത്ത് അഭിഷേകം എന്നാൽ ഒരു പ്രത്യേക വേലക്ക് നിയമിക്കുന്നത് (ദൗത്യം, മിഷൻ) എന്ന് അർത്ഥം.

ദൈവാലയത്തിലെ പാത്രങ്ങൾ, ഉപകരണങ്ങൾ എല്ലാം അഭിഷേകം ചെയ്യണം എന്നു കർത്താവു പറഞ്ഞു. അതിന്റെ അർത്ഥം ആ സാധനങ്ങൾ എല്ലാം ദൈവാലയത്തിലെ ഉപയോഗത്തിനുമാത്രം വേർതിരിക്കണം. ആ

സാധനങ്ങൾ സ്വന്ത ഉപയോഗത്തിനോ മറ്റു കാര്യങ്ങൾക്കോ ഉപയോഗിക്കാൻ പാടില്ല എന്നു അർത്ഥമാകുന്നു.

യേശുക്രിസ്തു ഇങ്ങനെ പറഞ്ഞു ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. (ലൂക്കോ 4:18 യെശ 61:1–3). ഇങ്ങനെയുള്ള അത്ഭുതങ്ങളെ മനുഷ്യർക്ക് ചെയ്വാനായി കർത്താവു എന്നെ അഭിഷേകം ചെയ്തു (നിയമിച്ചു.) എന്നാണ് ഇതിന്റെ അർത്ഥം. ഒരു പക്ഷെ ആ പാസ്റ്റർ പരിശുദ്ധാത്മാവിനെ മനസ്സിൽ ഓർത്തായിരിക്കാം അഭിഷേകം പ്രാപിച്ചോ എന്നു ചോദിച്ചത്. ചോദ്യം ചോദിച്ച ആ പാസ്റ്ററോട് നിങ്ങൾ മാനസാന്തരപ്പെട്ടു രക്ഷിക്കപ്പെട്ടതുകൊണ്ട് ഇങ്ങനെ പറയണം. ഞാൻ മാനസാന്തരപ്പെട്ടപ്പോഴേ എഫെ 1:13, യോഹ 14:23–24 ഈ വചനങ്ങൾ പ്രകാരം പരിശുദ്ധാത്മാവു എന്റെ ഉള്ളിൽ വന്നു കഴിഞ്ഞു.

**ചോദ്യം:–** നിങ്ങൾ എല്ലാവരും **അന്യഭാഷകളെ സംസാരിക്കണം** എന്ന് ഞാൻ ആഗ്രഹിക്കുന്നു എന്ന് പൗലൂസ് എഴുതിയിരിക്കുന്നതിന്റെ അർത്ഥം എന്താണ്?

**മറുപടി:–** അതേ കൊരിന്തു സഭയിലെ ജനങ്ങളിൽ നിന്നു യേശുവിനെ സ്വീകരിച്ചു, വിശ്വാസികളായി മാറിയവർ ഉണ്ട്. അവർ സഭയിലുള്ള മറ്റു ഭാഷക്കാരുടെ ഭാഷയെ പഠിച്ച് അവരോട് സംസാരിക്കുകയും പെരുമാറുകയും ചെയ്താൽ, ഒരു ആത്മീക കൂട്ടായ്മ ഉണ്ടാകാൻ സാദ്ധ്യത ഉണ്ടല്ലോ? അങ്ങനെ അല്ലാതെ പോയാൽ, ആ ഭാഷക്കാർ സഭയിൽ ഒതുക്കപ്പെട്ട സ്ഥിതിയിൽ തനിച്ച് ഇരിക്കുമല്ലോ? അപ്പോ: പ്ര: 2:42 ൽ എഴുതിയതുപോലെ, അപ്പോസ്തലന്മാർ കൈക്കൊണ്ട സഭാഉപദേശത്തിൽ പ്രധാനമായി പറയപ്പെടുന്ന നാലു ഉപദേശങ്ങളിൽ ഒന്ന് **കൂട്ടായ്മ** (Fellowship) എന്ന ഉപദേശമാണ്. യേശുവിൽ രക്തത്താൽ കഴുകപ്പെട്ടവർ, ഒരു കുടുംബം പോലെ പെരുമാറണം, അതിനു മറ്റ് ഭാഷകൾ സംസാരിക്കുന്ന വിശ്വാസികളുടെ ഭാഷയെ പഠിക്കുന്നതുവളരെ ആവശ്യം. അതുകൊണ്ടു പൗലൂസ് കൊരിന്തു സഭക്കാരെ നോക്കി, നിങ്ങൾ എല്ലാപേരും അന്യഭാഷ സംസാരിക്കണം എന്നുഞാൻ ആഗ്രഹിക്കുന്നു എന്നു പറഞ്ഞു. മറ്റുള്ളവരുടെ ഭാഷയെ പഠിച്ച് ആ ഭാഷയുടെ അർത്ഥം മനസ്സിലാക്കി, നമ്മുടെ വേദപുസ്തകത്തിലെ വചനങ്ങളെ സഭയിലുള്ളവർ തമ്മിൽ തമ്മിൽ പങ്കുവെച്ച് സഭ **ആത്മീയ വർദ്ധന** പ്രാപിക്കണം എന്ന് പൗലൂസ് അർത്ഥമാക്കുന്നു.

**ചോദ്യം:-** സഭാജനങ്ങൾ എല്ലാം ആരാധിക്കാൻ കൂടി വരുമ്പോൾ **അന്യഭാഷയിൽ സംസാരിക്കരുത്** എന്നും പൗലൂസ് അപ്പോസ്തലൻ 1 കൊരി 14:6-22 വരെയുള്ള ഭാഗത്ത് പറയുന്നല്ലോ? ഇതിന്റെ അർത്ഥം എന്താണ് ?

ഉത്തരം:- അതേ, ധാരാളം ഭാഷകൾ സംസാരിക്കുന്നവർ കൂടി വരുന്ന കൊരിന്തു സഭയിൽ ആരാധന സമയം, സഭയിലുള്ളവർ അവരവരുടെ ഭാഷകളിൽ തമ്മിൽ തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നാൽ എങ്ങനെ ഇരിക്കും? സങ്കല്പിച്ച് ചിന്തിച്ചുനോക്കുവിൻ. മാർക്കറ്റിൽ സാധനം വാങ്ങുന്നവർ സംസാരിക്കുന്നതുപോലെ അല്ലേ ഇരിക്കും? ഇങ്ങനെ അവരവരുടെ ഭാഷയിൽ തമ്മിൽ തമ്മിൽ സംസാരിക്കുമ്പോൾ ഒരു പുതിയ അവിശ്വാസി, അതായത് യേശുവിനെ അറിയാത്ത വ്യക്തി ആരാധനാക്കായി വന്നാൽ ആരാധനയിൽ കേൾക്കുന്ന ഭാഷകളുടെ ശബ്ദം, ആ അവിശ്വാസിക്കു കുഴപ്പം ഉണ്ടാക്കും. അതുകൊണ്ടാണ് പൗലൂസ് എഴുതുമ്പോൾ നിങ്ങൾ **ഭ്രാന്തു പിടിച്ചവർ** എന്നു അവർ തെറ്റിദ്ധരിക്കും. (1 കൊരി 14:23) ഈ സാഹചര്യത്തിലാണ് സഭാ ആരാധനയിൽ അന്യഭാഷയിൽ സംസാരിക്കരുത് എന്നു പൗലൂസ് പറഞ്ഞത്.

ഇതുപോലെ തന്നെ, ചില പെന്തെക്കോസ്തു സഭകൾ, തങ്ങളുടെ ആരാധനയെ ഉച്ചഭാഷയിൽ കേൾപ്പിക്കുന്നതു. സഭാജനങ്ങൾ അന്യഭാഷ എന്ന പേരിൽ ആവേശം പൂണ്ടു സംസാരിക്കുന്ന ശബ്ദത്തെ **പൊതുജനങ്ങൾ കേൾക്കാൻതക്കവണ്ണം** ഏർപ്പാടു ചെയ്യുന്നു, ഇത് എത്ര മണ്ടത്തരമാണ്. മറ്റു മതത്തിലുള്ളവർ പെന്തെക്കോസ്തു സഭകളെക്കുറിച്ച് എന്തുവിചാരിക്കും? ഇതു ഭ്രാന്തുപിടിച്ചവർ നിറഞ്ഞ ഭ്രാന്താശുപത്രി ആയിരിക്കുമോ? എന്നല്ലേ അവർ വിചാരിക്കും?

ആരാധന നടത്തുന്ന പാസ്റ്റർക്കും ഇതിനെക്കുറിച്ചു ജ്ഞാനമില്ലാതെപോയല്ലോ. തമിഴ് നാട്ടിൽ, പല സ്ഥലത്ത് പെന്തക്കോസ്തു സഭക്കാർ അന്യഭാഷ എന്ന പേരിൽ ഉണ്ടാക്കുന്ന ശബ്ദങ്ങളും നിലവിളിയും, തൊട്ടടുത്തു താമസിക്കുന്ന വീട്ടുകാർ, കട നടത്തുന്നവർ എല്ലാപേരും പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു ചില സഭകളെ സീൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ മദ്രാസിലുള്ള 8 സ്ഥലത്തുള്ള എ.ജി. സഭക്കാർ തങ്ങളുടെ സഭകളെ എ.സി. ആക്കി വാതിലുകളും ജന്നൽകളും അടച്ച് ആരാധിക്കുന്നു. ഇതിനു പല കോടി രൂപാ ചെലവു ചെയ്തിരിക്കുന്നു. **സഭാ ജനങ്ങൾ ഉച്ചത്തിൽ ശബ്ദമുണ്ടാക്കണം, നിലവിളിക്കണം** എന്നു പാസ്റ്റർ ആഗ്രഹിക്കുന്നു.

അതുതന്നെ  ആ സഭക്കാരുടെ പരിശുദ്ധാത്മാ അഭിഷേകം എന്നു സഭക്കാരെ വിശ്വസിപ്പിക്കുന്നു. സഭക്കാരും വഞ്ചിക്കപ്പെട്ടു ഭ്രാന്താന്മാരായി മാറുന്നു. പല പെന്തെക്കോസ്തു സഭകളിൽ മൈക്ക് വഴിയായി **''അഗ്നി, അഗ്നി, Fire. Fire. നിറക്കണം നിറക്കണം''** എന്ന് പാസ്റ്ററും. സ്തോത്ര ആരാധന ചെയ്യുന്ന കൂട്ടത്തിൽ ഉള്ളവരും, മൈക്കിൽ ശബ്ദം കേൾപ്പിക്കുമ്പോൾ, സഭയിൽ തീപിടിച്ചോ എന്ന് ജനങ്ങൾ സംശയിക്കും. ഇതു ചിട്ടയില്ലാത്ത ഒരു ആരാധനയായി കാണുന്നില്ലേ?

മലയാള റ്റി.വി. ചാനലുകളിൽ, ഇതേമാതിരി അഗ്നിഅഗ്നി Fire Fire എന്നു ശബ്ദമുണ്ടാക്കുന്നത് ലക്ഷക്കണക്കായ ആളുകൾ കാണ്ടുകൊണ്ടിരിക്കുന്നു. അങ്ങനെ ശബ്ദമുണ്ടാക്കി അന്യഭാഷയിൽ സംസാരിക്കുമ്പോൾ അവരേ നോക്കിയാൽ വയറ്റുവേദന കൊണ്ടു മുഖം മാറുന്നതുപോലെ കാണപ്പെടുന്നു. ഇതു പൊതുജനങ്ങളുടെ മുമ്പിൽ ക്രിസ്ത്യാനികളെക്കുറിച്ചു തെറ്റായ അഭിപ്രായത്തെ ഉണ്ടാക്കുന്നു.

**ചോദ്യം**:- പുതിയ നിയമത്തിൽ മറ്റെല്ലാ സഭകളെക്കാളും പൗലൂസ് അപ്പോസ്തലൻ കൊരിന്തു സഭക്കു  മാത്രം  കൂടുതൽ പ്രാധാന്യം കൊടുക്കാൻ കാരണം എന്ത്?

**ഉത്തരം**:- പൗലൂസ് യഹുദന്മാരെക്കാൾ ജാതികളെക്കുറിച്ച് കൂടുതൽ ഭാരമുള്ള ആളാണ് അതുകൊണ്ടാണ്, യേശുവെ മശിഹായായി സ്വീകരിച്ച, യഹൂദമ്പാരാല്ലാത്ത ജാതികളും, പലവിധ ഭാഷകൾ സ്വീകരിച്ച, യഹൂദമ്പാരാല്ലാത്ത ജാതികളും, പലവിധ ഭാഷകൾ സംസാരിക്കുന്നവർ നിറഞ്ഞ കൊരിന്തു സഭയെക്കുറിച്ചു കൂടുതൽ ശ്രദ്ധ കാണിക്കുന്നവനായിരുന്നു. ആദ്യം കൊരിന്തു പട്ടണത്തിൽ സുവിശേഷ വേലക്കു വന്നപ്പോൾ പൗലൂസ് വളരെ വിറയലോടുകാണപ്പെട്ടു എന്നു നാം വായിക്കുന്നു. കാരണം കൊരിന്തു പട്ടണം കൂടുതൽ വിഗ്രഹത്തെ ആരാധിക്കുന്നവർ നിറഞ്ഞ ഒരു സ്ഥലമായിരുന്നു. മാത്രമല്ല കൂടുതൽ വ്യഭിചാര പാപത്തിന് ജനങ്ങൾ അടിമയായിരുന്നു. ഇങ്ങനെ വിഗ്രഹാരാധനക്കും വ്യഭിചാരത്തിനും അടിമകളായിരുന്ന ഈ ജനങ്ങൾക്ക് എങ്ങനെയാണ് വിശുദ്ധ ദൈവത്തെ അറിയിക്കുന്നത് എന്ന് അദ്ദേഹം ഭയന്നിരിക്കും എന്നു ചില വേദ പണ്ഡിതന്മാർ ഊഹിക്കുന്നു. യേശുക്രിസ്തു ആ ജനങ്ങൾക്കു വേണ്ടിയും

രക്തം ചൊരിഞ്ഞു, ആ ജനങ്ങളെ സ്നേഹിച്ചതു കൊണ്ടു പൗലൂസ് അപ്പോസ്തലന്റെ പ്രസംഗം കൊണ്ടു ധാരാളം ആളുകൾ യേശുക്രിസ്തുവിനെ സ്വീകരിച്ചു പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കൊണ്ടു കൊരിന്തു പട്ടണത്തിൽ വലിയ ഇളക്കം ഉണ്ടായി. ധാരാളം പേർ കൊരിന്തു സഭയിൽ അംഗങ്ങളായി ചേർന്നു. ഇങ്ങനെ കൊരിന്തു പട്ടണത്തിലുള്ള ജനങ്ങൾ ക്രിസ്തുവിനെ സ്വീകരിച്ചു സഭയിൽ അംഗമായി, സഭ രൂപീകരിക്കപ്പെട്ടശേഷം, പൗലൂസ് അപ്പോസ്തലൻ മറ്റുസ്ഥലത്തിലുള്ള ജാതികൾക്കും സുവിശേഷം അറിയിക്കാൻ യാത്ര ചെയ്തു. അങ്ങനെയാത്ര ചെയ്യുമ്പോൾ, ചിലരോടു കൊരിന്തു സഭയെക്കുറിച്ചു അന്വേഷിച്ചു വിവരങ്ങൾ ചോദിച്ചപ്പോൾ, ഞെട്ടൽ ഉണ്ടാക്കുന്ന വിധത്തിൽ വാർത്തകൾ കേട്ടു. കൊരിന്തു സഭയിൽ ഉള്ള അംഗങ്ങൾ വ്യഭിചാര പാപത്തിൽ പോയി, സഭയിൽ അവർ അംഗങ്ങളായി തുടരുന്നു എന്ന വേദനയുള്ള വാർത്തകൾ പൗലൂസ് അപ്പോസ്തലൻ കേട്ടു. അങ്ങനെ കേട്ടറിഞ്ഞ വിഷയത്തെ മനസ്സിലാക്കി മനോവിഷമത്തോടു കൊരിന്തു സഭയ്ക്കു ലേഖനം (കത്ത്) എഴുതി. കൊരിന്തു സഭ വീണ്ടു വ്യഭിചാര പാപത്തിലും വിഗ്രഹാരാധനയിലും താല്പര്യം കാണിക്കാൻ തുടങ്ങി. ആ പാപത്തോടു തന്നെ വിശുദ്ധ മേശയിലും (തിരുവത്താഴത്തിലും) ധൈര്യമായി പങ്കുകൊള്ളുന്നു എന്ന വിവരങ്ങൾ അറിഞ്ഞപ്പോൾ, പൗലൂസ് അപ്പോസ്തലനു കൂടുതൽ വിഷമം ഉണ്ടായി. ആ ലേഖനത്തെവായിക്കുമ്പോൾ കൊരിന്തു സഭക്കാർ തുടരുന്ന പാപങ്ങളുടെ ലിസ്റ്റ് കാണാൻ കഴിയും.

കൊരിന്തു എന്ന വാക്കിന് **വ്യഭിചാരം** എന്ന് അർത്ഥം ഉണ്ട്. അതുകൊണ്ട് കൊരിന്തു സഭയ്ക്ക് ഈ പാപങ്ങളെല്ലാം ചൂണ്ടിക്കാണിച്ച് ലേഖനം എഴുതുന്നു. അതേ സമയം, നല്ല ആഴമായ ആത്മീക വിശ്വാസികളും, ആ സഭയിൽ ഉണ്ടായിരുന്നു. കൊരിന്തു സഭിൽ നല്ല ആത്മീക വരങ്ങൾ ഉള്ളവർ ഉണ്ടായിരുന്നു, അതുകൊണ്ടാണ് മറ്റു സഭകൾക്കെഴുതിയ ലേഖനങ്ങളെക്കാൾ ധാരാളം ആലോചന പറഞ്ഞ് കത്ത് എഴുതിയതു.

**ചോദ്യം:-** 1 കൊരി 14:2 അന്യഭാഷയിൽ സംസാരിക്കുന്നവർ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു.ആരും തിരിച്ചറിയുന്നില്ലല്ലോ? എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു.ഈവചനത്തെ അടിസ്ഥാനമാക്കി ഞങ്ങൾ **പ്രാർത്ഥനയിൽ സംസാരിക്കുന്ന അന്യഭാഷക്കു**

**അർത്ഥം ചോദിക്കാൻ പാടില്ല** എന്ന പെന്തെക്കോസ്തു സഭക്കാർ പറയുന്നു.ഇതിന്റെ അർത്ഥമെന്ത്?

**ഉത്തരം**:– ഈ ചോദ്യത്തിനു ഉത്തരം അറിയണമെങ്കിൽ നാം ചരിത്ര അടിസ്ഥാനത്തെ മനസ്സിലാക്കണം. അന്നത്തെ കൊരിന്തുസഭയിൽ 16 ഭാഷക്കാർ യഹൂന്മാരോടു ചേർന്നു ആരാധിച്ചുവന്നു. പൗലൂസോ പത്രോസോ ഇവിടെ ആരാധനയിൽ പ്രസംഗിക്കണമെങ്കിൽ ഏതുഭാഷയിൽ പ്രസംഗിക്കണം? 16 പരിഭാഷക്കാരെ ഏർപ്പാടു ചെയ്യുന്നതും സാധിക്കില്ല. അന്നത്തെക്കാലത്തിൽ **യവനഭാഷ (ഗ്രീക്ക്) പൊതുഭാഷ**യായിരുന്ന (Common Languag ) അതുകൊണ്ടു യവനഭാഷയിൽ പ്രസംഗിച്ചാൽ 16 ഭാഷക്കാർക്കും പരിഭാഷയില്ലാതെ മനസ്സിലാകും. (ഇപ്പോൾ പൊതുഭാഷ ഇംഗ്ലീഷാണ് എന്ന് നമുക്കെല്ലാപേർക്കും അറിയാം). ആരാധനയിൽ പ്രസംഗം കഴിഞ്ഞു സഭാജനങ്ങളെ പ്രാർത്ഥിക്കാൻ പറയുമ്പോൾ എല്ലാപേരും അവരവരുടെ **മാതൃഭാഷയിൽ** പ്രാർത്ഥിക്കുന്നതു ശീലം. ഉദാഹരണത്തിന് ഒരുത്തൻ **ഹിന്ദി**യിൽ പ്രാർത്ഥിക്കുന്നു. അതു അവന്റെ മാതൃഭാഷ. തൊട്ടടുത്തുള്ളവൻ ഒരു **മലയാളി,** അവന് ഹിന്ദി അറിയില്ല, ഇവൻ ഹിന്ദിയിൽപ്രാർത്ഥിക്കുന്നതു എനിക്കു മനസ്സിലാകുന്നില്ല, എന്നു മലയാളി പറയുമ്പോൾ കൊടുക്കുന്ന മറുപടിയാണ് ഈ 1 കൊരി 14:2–ാം വചനം. ഇതിൽ അവൻ ദൈവത്തോട് രഹസ്യം സംസാരിക്കുന്നു. (ഇംഗ്ലീഷിൽ Mysteries. മലയാളത്തിൽ മർമ്മം, തമിഴിൽ രഹസ്യം) അതു അവന്റെ വ്യക്തിപരമായ വിഷയങ്ങൾ, അതു മറ്റുള്ളവർ കേൾക്കാൻ പാടില്ല. അതുകൊണ്ടാണു അവൻതന്റെ മാതൃഭാഷയിൽ ദൈവത്തോടു സംസാരിക്കുന്നതു, മറ്റുള്ളവർക്കു അതു അർത്ഥമില്ലാത്ത അന്യഭാഷയാകുന്നു. തീർച്ചായായും ആ ഭാഷയ്ക്ക് അർത്ഥം ഉണ്ട്. അതു പ്രാർത്ഥിച്ചവനും, ദൈവത്തിനും മാത്രമേ അറിയാവൂ. **ഇങ്ങനെയുള്ള അന്യഭാഷക്ക് പരിഭാഷ ആവശ്യമില്ല.**

ഇപ്പോൾ പെന്തെക്കോസ്തു സഭക്കാർ പ്രാർത്ഥന സമയത്തിൽ വായ് കുഴഞ്ഞു സംസാരിക്കുന്നത് അന്യഭാഷയേ അല്ലേ. പ്രാർത്ഥിക്കുന്ന വ്യക്തിക്കും അതിന്റെ അർത്ഥം അറിയാൻ പാടില്ല, ദൈവത്തിനും അതു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഈ സഭക്കാരുടെ പ്രാർത്ഥനയെ നാം ശ്രദ്ധിക്കുമെങ്കിൽ, പറഞ്ഞുതുതന്നെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കും. അതിൽ **ഇക്രബല**

**സക്രബല** ഇങ്ങനെയുള്ള വാക്കുകൾ ഭൂരിപക്ഷ പെന്തെക്കോസ്തു സഭക്കാരുടെ വായിൽ നിന്ന് വരുന്നതു കാണാം. ഈ ഭാഷയെ ഇവരുടെ ഭാര്യ മക്കൾ എല്ലാപരും സംസാരിക്കുന്നു. അങ്ങനെ സംസാരിക്കുന്നില്ലെങ്കിൽ, നിങ്ങളുടെ മക്കൾക്കു അഭിഷേകം കിട്ടിയിട്ടില്ല, നിങ്ങളുടെ ഭാര്യക്ക് അഭിഷേകം കിട്ടിയിട്ടില്ല, അതുകൊണ്ടു **വിശുദ്ധമേശയിൽ അവർക്കു പങ്കെടുക്കാൻ പാടില്ല**, എന്നതാണ് അവരുടെ നിയമം.

ഇങ്ങനെ അന്യഭാഷ സംസാരിക്കാത്തതുകൊണ്ടു യഥാർത്ഥമായി രക്ഷിക്കപ്പെട്ട നല്ല വിശ്വസി കുടുംബത്തെ സഭക്കാർ ഒരുക്കിവച്ചു. പക്ഷെ അതേ സമയം, മാസം ഒരു പ്രാവശ്യം, ആ ഒതുക്കപ്പെട്ട കുടുംബം കൊടുക്കുന്നതും **ദാശാംശം മാത്രം** പാസ്റ്റർ **തടയുന്നില്ല**. അവർ വരിയായി വന്നു കൊടുമ്പോൾ പാസ്റ്റർ അതു വാങ്ങുന്നു. അങ്ങനെ കൊടുക്കുന്നവരുടെ പണത്തിന് അഭിഷേകം നിർബന്ധമല്ല.

ഭൂരിപക്ഷം പെന്തുക്കോസ്തു സഭകളിൽ, കല്യാണത്തിനു കൊടുക്കുന്ന സ്ത്രീധന പണത്തിനും, അതിന്റെ ദശാംശം ചോദിച്ചു വാങ്ങുന്ന പാസ്റ്റർമാർ ഉണ്ട്. അതു സ്ത്രീധനപണമായിരുന്നാലും വാങ്ങുന്ന പാസ്റ്റർമാർ ഉണ്ട്. അതു സ്ത്രീധനപണമായിരുന്നാലും കള്ളപ്പണമായിരുന്നാലും, അതുകൊടുക്കുന്ന വ്യക്തി രക്ഷിക്കപ്പെട്ട വനാണോ അഭിഷേകമുള്ളവനാണോ എന്ന് ഏതു പാസ്റ്ററും ചോദിക്കുന്നില്ല. പെന്തെക്കസ്തുസഭ മാത്രമല്ല, ഇന്നത്തെ ക്രിസ്തീയ സഭ എല്ലാം തിരുപ്പതി, പഴനി, ശബരിമല പോലുള്ള സ്ഥലങ്ങളിൽ ഇടുന്ന കാണിക്കപോലെ ആയിപ്പോയി. വാങ്ങുന്ന പാസ്റ്ററോ, കൊടുക്കുന്ന ജനങ്ങളോ, ആശിർവ്വദിക്കപ്പെടുമോ എന്ന് ഇവർ ചിന്തിക്കുന്നില്ല.

നമ്മുടെ ദൈവം കാണിക്കയെ കാണുന്ന ദൈവം. കാണിക്ക ഇടുന്നവരെയും അവൻ അറിയുന്നു. അതു എടുത്തു ഉപയോഗിക്കുന്നവരേയും അവൻ കാണുന്നു.

ഒടുവിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നതു, അന്യഭാഷ അതുവരമാണ്, അതു ദൈവം തന്നെ നമുക്കു തരുവാൻ സാധിക്കും. അതു എല്ലാപർക്കും കൊടുക്കുന്നതുമല്ല.

**ഉദാഹരണമായി പഴയനിയമത്തിൽ ഒരു സംഭവം**

യിശ്രയേൽ ജനങ്ങളെ വഴി നടത്തുവാൻ ദൈവം വിളിച്ച മോശക്ക് ആവശ്യമായിരുന്നതും, സംസാരിക്കുന്ന വരമായിരുന്നു കാരണം മോശ വിക്കനും, സംസാരിക്കാൻ ജ്ഞാനമില്ലാത്തവൻ മന്ദബുദ്ധി ഉള്ളവൻ. അതു മാത്രമല്ല ,പലവിധമായ ജനങ്ങൾ താമസിക്കുന്ന വഴിയിലൂടെ യിശ്രായേൽ ജനങ്ങളെ വഴി നടത്തുന്ന ഉത്തരവാദിത്വം ഉണ്ടായിരുന്നു. അതുകൊണ്ടു അവന് പലഭാഷകൾ സംസാരിക്കുന്നവരം ആവശ്യമായിരുന്നു.

**സംസാരിക്കുന്നവരം, ഭാഷാവരം** മോശക്കു വളരെ ആവശ്യമായിരുന്നു. അതുകൊണ്ടു അവൻ ഭാഷാവരം ആഗ്രഹിക്കുന്നതിന് അർത്ഥം ഉണ്ട്. അത് ഓർക്കുമ്പോൾ നാമും, അവന് ആ വരം ലഭിച്ചാൽ നല്ലതല്ലേ എന്ന് ചിന്തിക്കും. പക്ഷെ നമ്മുടെ ദൈവം നല്ല ജ്ഞാനമുള്ള ദൈവമാണ്. എന്നാലും അവന് സംസാരിക്കാനുള്ള വരം, ഭാഷാവരവും അവനു കൊടുക്കാതെ അഹരോൻ നിന്നോടുകൂട വരും, നീ അവനോടു സംസാരിച്ചു അവന്റെ വായിൽ എന്റെ വാക്കുകളെ പറയുക. ഞാൻ നിന്റെ വായിലും അവന്റെ വായിലും ഇരുന്ന് നിങ്ങൾ ചെയ്യേണ്ടതു ഉണർത്തും. അവൻ നിനക്കുപകരം ജനങ്ങളോടു സംസാരിക്കും. ഇങ്ങനെ അവൻ നിനക്കു വായായിരിക്കും എന്നു പറഞ്ഞു. പക്ഷെ മോശക്കു ആവശ്യമായ സംസാരിക്കാനുള്ള വരങ്ങളെ ദൈവം കൊടുത്തില്ലല്ലോ പുറ 4:10–16.

പൗലൂസ് പറയുന്ന **അന്യഭാഷ** വളരെ **ആവശ്യമായ വരമല്ല** അതുകൊണ്ടു ഉന്നത വരങ്ങളെ നിങ്ങൾ വഞ്ചിപ്പിൻ. എന്നാൽ **അന്യഭാഷ പ്രധാനപ്പെട്ടതും അല്ല** (1 കൊരി 12: 29–31)

എല്ലാവരും അപ്പോസ്തലന്മാരോ
എല്ലാവരും പ്രവാചകന്മാരോ
എല്ലാവരും ഉപദേഷ്ടാക്കന്മാരോ
എല്ലാവരും വീര്യപ്രവർത്തികൾ, അത്ഭുതങ്ങൾ ചെയ്യുന്നവരോ
എല്ലാവർക്കും രോഗശാന്തിക്കുള്ളവരം ഉണ്ടോ?
എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നവരോ
എല്ലാവരും വ്യാഖ്യാനിക്കുന്നുവോ.

മുകളിൽ പൗലൂസ് പറയുന്ന ചോദ്യത്തിലെ വിഷയങ്ങളെ ചിന്തിക്കുമ്പോൾ, എല്ലാവരും അന്യഭാഷയിൽ സംസാരിക്കുവാൻ വഴിയില്ല എന്ന അർത്ഥം വരുന്നല്ലോ. പുതിയ നിയമപുസ്തകം എഴുതപ്പെടുന്നതിനുമുമ്പ്, അന്നത്തെ സഭക്കു അന്യഭാഷയും അതിനുള്ള വ്യാഖ്യാനവും **വരമായി കൊടുക്കപ്പെട്ടു**. അന്നത്തെ സാഹചര്യത്തിൽ അന്നത്തെ സഭക്കു അന്യഭാഷാവരം ആവശ്യം എന്നും കർത്താവു കണ്ടു. പക്ഷെ ഇപ്പോൾ മുഴുവേദ പുസ്തകവും കർത്താവു നമ്മുടെ ഓരോരുത്തരുടെ ഭാഷയിലും കൃപയായി തർജ്ജിമ ചെയ്തു ഏല്പിച്ചു, അതിൽ സകല ഉപദേശങ്ങളും അടങ്ങിയിരിക്കുന്നു. പൂർണ്ണമായതു വരുമ്പോഴോ അംശമായതു നിങ്ങിപ്പോകും.(1 കൊരി 13:10) **ഭാഷാവരമോ അതു നിന്നുപോകും** (1 കൊരി 13:18).

**ചോദ്യം:- പരിശുദ്ധാത്മാവു നമ്മെ നിറയ്ക്കുമ്പോൾ പുറമേ കാണുന്ന അടയാളം എന്താണ് ?**

**ഉത്തരം:-** പെന്തെക്കോസ്തു സഭക്കാർ പരിശുദ്ധാത്മാവു തനിക്കു ഉണ്ടു എന്നു കാണിക്കാൻ വേണ്ടി കയ്യടിച്ചു തുള്ളി, തലയെ ആട്ടി, മാത്രമല്ല ചിലർ തറയിൽ ഉരുളും, ചിലർ തൊണ്ടകീറി ഉച്ചത്തിൽ അലറും, ചിലർ താഴെ വീഴും, പ്രത്യേകമായി സ്ത്രീകളുടെ കൂട്ടത്തിലാണ് താഴെ വീഴുന്നതും ഉരുളുന്നതും അധികമായി നമുക്കു കാണാം. വസ്ത്രങ്ങൾ നീങ്ങിക്കിടക്കുന്നതുപോലും അറിയാതെ തറയിൽ ഉരുളും. ഇതിനുവേണ്ടി മാത്രം പല സഭകളിൽ ബഡ്ഷീറ്റുകൾ തുണികൾ മൂടാൻവേണ്ടി വെച്ചിരിക്കും. ആഭാസമായ ആ കാഴ്ചയെ പുരുഷന്മാർ കാണാതിരിക്കാൻ വേണ്ടി അങ്ങനെ പ്രത്യേകമായ ഏർപ്പാടുകൾ ചെയ്യും. വേദപുസ്തകത്തിൽ ഒരു സ്ഥലത്തിൽ പോലുമില്ലാത്ത ഇങ്ങനെയുള്ള പ്രവർത്തികളെ, മറ്റു മതസ്ഥരുടെ ഉത്സവങ്ങളിൽ കാണാം. പിശാചിനെ ഓടിക്കുന്നവരുടെ കൂട്ടത്തിലും കാണാം. വേദപുസ്തകത്തിൽ ഇങ്ങനെയുള്ള പ്രവർത്തികളെ നിങ്ങൾ വായിച്ചതായി ഓർക്കുന്നുണ്ടോ? അതുമാത്രമല്ല ചില ദൈവവേലക്കാർ പരിശുദ്ധാത്മവിന്റെ പ്രവർത്തിയാൽ ഇങ്ങനെയുള്ള അത്ഭുതങ്ങൾ ദൈവം ഞങ്ങൾ മൂലമായി ചെയ്യുന്നു എന്നു പറയുന്നു. ചില ദൈവവേലക്കാർ കൈവിരൽ ചൂണ്ടും മുമ്പിലുള്ളവർ വീഴും,

ചില ദൈവവേലക്കാർ തലയിൽ കൈവെക്കും, ജനങ്ങൾ പുറകിലോട്ടു വീഴും. ഇങ്ങനെയുള്ള പ്രവർത്തികൾ പരിശുദ്ധാത്മാവ് വേദപുസ്തകത്തിൽ ഒരു സ്ഥലത്ത് പോലും ചെയ്തിട്ടുള്ളതായി കാണാൻ സാദ്ധ്യമല്ല. ഇങ്ങനെയുള്ള പ്രവർത്തി പരിശുദ്ധാത്മാവിന്റെതല്ല അശുദ്ധാത്മാവിന്റെതാണ്. ഇങ്ങനെ പ്രവർത്തിക്കുന്നവരെല്ലാം കാപട്യക്കാർ, കള്ള ഉപദേശികൾ എന്നും ഇവരെ ധൈര്യമായി നമുക്കു പറയാം.

പരിശുദ്ധാത്മാവിനെക്കുറിച്ചു ധാരാളം പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. പരിശുദ്ധാത്മാവിനെക്കുറിച്ചു ഗവേഷണ പുസ്തകങ്ങൾ എന്നു പറഞ്ഞും പല പുസ്കങ്ങൾ ഇറക്കിയിട്ടുണ്ട്. ആ പുസ്തകങ്ങൾ എഴുതിയവരെല്ലാം തങ്ങളുടെ സ്വന്ത അനുഭവങ്ങളേയും മറ്റുചിലരുടെ അനുഭവങ്ങളേയും ഉപദേശമായി എഴുതിയിരിക്കുന്നു. ഇതു മാതിരിയുള്ള പുസ്തകങ്ങൾ വായനക്കാർ വായിക്കുമ്പോൾ വളരെ ജാഗ്രതയായിരിക്കണം വചനത്തോടു താരതമ്യപ്പെടുത്തി കൈക്കൊള്ളണം.

**പരിശുദ്ധാത്മ നിറവിനുവെളിഅടയാളം**

പുറമേയുള്ള അടയാളം തീർച്ചയായി അന്യഭാഷ അല്ല. ബൈബിൾ പറയുന്നത്, ഫലങ്ങളും സാക്ഷിയുള്ള ജീവിതവുമാണ് വെളി അടയാളം. അപ്പോ. പ്ര 2–ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മവു നിന്റെ മേൽ വരുമ്പോൾ

1. ബലപ്പെട്ടു
2. പുറപ്പെട്ടു
3. സാക്ഷിയായിരിക്കുക

എന്നതാണ് അടയാളം. മത്രമല്ല യേശു പറഞ്ഞു, നിങ്ങൾ യെരുശലേമിലും ശമർയ്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളായിരിപ്പിൻ എന്നതാണു അടയാളം. മാത്രമല്ല, യേശുപറഞ്ഞു, നിങ്ങൾ യെരുശലേമിലും യഹൂദ്യയിലും ശമർയ്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളായിരിക്കുവിൻ എന്നതാണ് ദൈവത്തിന്റെ കല്പന. പൗലൂസ് ഗലാത്യസഭക്കു കത്തെഴുതുമ്പോൾ ഗലാ 5:22,23 **ആത്മാവിന്റെ ഫലമോ**

| | | |
|---|---|---|
| സ്നേഹം | ദീർഘക്ഷമ | വിശ്വസ്ത |
| സന്തോഷം | ദയ | സൗമ്യത |
| സമാധനം | പരോപകാരം | ഇന്ദ്രീയജയം (Self Control) |

മുകളിൽ കണ്ട സ്വഭാവങ്ങളാണ് പരിശുദ്ധാത്മാ നിറവിന് വെളിഅടയാളങ്ങാളായി പറയപ്പെട്ടിരിക്കുന്നത്. മുകളിൽ പറയപ്പെട്ട വചനത്തിൽ **ഫലങ്ങൾ** എന്നു എഴുതിയത് **സ്വഭാവങ്ങൾ** എന്ന അർത്ഥമാകുന്നു. മുകളിൽ പറയപ്പെട്ട സ്വഭാവങ്ങൾ വെളി അടയാളങ്ങളായി **ആരിൽ** കണ്ടിട്ടില്ലയോ അവർക്കു പരിശുദ്ധാത്മ നിറവില്ല എന്നു വ്യക്തമായി പറയാം. അങ്ങനെയുള്ള വർക്കു മാനസാന്തര അനുഭവവും ഇല്ല. രക്ഷിക്കപ്പെട്ട അനുഭവവുമില്ല എന്നു വ്യക്തമായി പറയാം.

**അവസാനമായി ഒരു അടയാളത്തെയും ഞാൻ പറയുന്നു ശ്രദ്ധിപ്പിൻ**

ഇൻഡ്യയിൽ കേരളത്തിൽ **കുമ്പനാട്** എന്നു പറയപ്പെടുന്ന സ്ഥലത്തും തമിഴ്നാട്ടിൽ **തിരുനെൽവേലി ജില്ലയിലും കന്യാകുമാരി ജില്ലയിലും** മാത്രമാണ് പെന്തെക്കോസ്തു സഭകൾ വളരെ കൂടുതലായി ഉള്ളത് എന്ന് ഒരു കണക്കെടുപ്പിൽ പറഞ്ഞിട്ടുണ്ട്. പരിശുദ്ധാത്മാവു ലഭിച്ചു അന്യഭാഷാവരം ലഭിച്ചു എന്നെല്ലാം പറഞ്ഞു നിഗളിക്കുന്ന ഈ പെന്തക്കോസ്തു സഭകളിൽ നിന്ന് ഒരു ആളെ എങ്കിലും ഭൂരിപക്ഷം ആദിവാസികൾ നിറഞ്ഞ വടക്കേ ഇന്ത്യയിൽ സുവിശേഷം അറിയിക്കാൻ ഈ സഭകൾ **മിഷനറികളെ അയച്ചിട്ടുണ്ടോ?**

ഏകദേശം 20,000 മിഷനറിമാർ സി.എസ്.ഐ. മാതിരിയുള്ള സഭകളിൽ നിന്നു തന്നെ ത്യാഗം സഹിച്ചു. മിഷനറി പ്രവർത്തനം നടത്തി. ഏകദേശം 15000 സഭകൾ കാടിലുള്ള ആദിവാസികൾക്കുവേണ്ടി പണിതിരിക്കുന്നു. അവർക്കു എഴുതാനുംവയിക്കാനും പഠിപ്പിച്ചു ബൈബിൾ പഠനം നടത്തി. ആ ആദിവാസികളുടെ പാസ്റ്റർ മാരായി അഭിഷേകം ചെയ്തു, അവരെക്കൊണ്ടു പല സ്ഥലങ്ങളിൽ സഭ നടത്തുന്ന പാസ്റ്റർമാരായി പ്രവർത്തിക്കാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. ഇതു വായിക്കുന്ന നിങ്ങൾ ഇപ്പോൾ പറയണം, പരിശുദ്ധാത്മാവു പെന്തക്കോസ്തു സഭകളിലോ സി.എസ്.ഐ. മാതിരിയുള്ള സഭകളിലെ **രക്ഷിക്കപ്പെട്ട** വിശ്വാസികളിലോ? ഇതുവരെ

സി.എസ്.ഐ.സഭകളിൽ നിന്നു 27 ഡോക്ടർമാർ, അതിൽ 11 പേർ എം.ഡി, ഇവർ ചെറിയ പോക്കറ്റ് മണി വാങ്ങി മിഷനറിപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.നിങ്ങൾ തന്നെ നിങ്ങളെ പരിശോധിച്ചു നോക്കുവിൻ, സത്യമായി രക്ഷിക്കപ്പെട്ടു പരിശുദ്ധാമാവും നിറവു ലഭിച്ചവർ ആത്മാക്കൾക്കുവേണ്ടി അലയും. പെന്തക്കോസ്ത് സഭക്കാർക്ക് ആത്മാദായം എന്നു പറയുന്നത് സി.എസ്.ഐ, മാർത്തോമ സഭകളിൽ നിന്നു ആളുകളെ പിടിച്ചു തന്റെ സഭകളിൽ ചേർക്കുന്നതു തന്നെ. ക്രിസ്ത്യാനികളെ പിടിച്ചു, ക്രിസ്ത്യാനികളാക്കുന്ന വേലയാണ് ഇവർ ചെയ്യുന്നത്, ദശാംശത്തിനുവേണ്ടി അല്ല എന്നതിനേയും മനസ്സിലാക്കണം അന്യഭാഷ എന്നുള്ള പേരിൽ വായ്കുഴഞ്ഞു സംസാരിച്ചു താല്ക്കാലിക ജഢ സന്തോഷം ലഭിക്കുന്ന പെന്തെക്കോസ്തു സഭക്കാർ ചിന്തിച്ചു നിങ്ങളുടെ ഉപദേശത്തെ വചനാടിസ്ഥാനത്തിൽ പുതുതാക്കണം. ക്രിസ്തു യേശുവിന്റെ ചിന്ത നിങ്ങളിൽ ഉണ്ടായിരിക്കട്ടെ.

ക്രിസ്തുയേശുവിന്റെ ഭാവം നിങ്ങളിൽ ഉണ്ടായിരിക്കട്ടെ.

## അന്യഭാഷാ കുഴപ്പം

കഴിഞ്ഞ മൂന്നു ഭാഗങ്ങളിലും ഭാഷ എന്നാൽ എന്ത്. ആദികാല മനുഷ്യൻ ശബ്ദം മൂലവും, ആഗ്യം മൂലവും സംസാരിച്ചു, അതിന്റെ പരിണാമ വളർച്ചയായി ഭാഷയുണ്ടായി എന്ന്, ലോകചരിത്രം മൂലം വിവരങ്ങളെ ഞാൻ എഴുതി അറിയിച്ചു. ആദികാലമനുഷ്യൻ സ സംസാരിച്ച വിധങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ല. ദൈവത്തിന്റെ സൃഷ്ടിയായ ആദാം, ഹവ്വയോട് സംസാരിച്ച വിഷയങ്ങൾ മാത്രം ബൈബിൾ സൂചിപ്പിച്ചിരിക്കുന്നു.

ഏദൻ തോട്ടത്തിൽ ദൈവം ഏതുഭാഷയിലാണ് സംസാരിച്ചത്? അതിന് ആദാമും ഹവ്വയും ഏതു ഭാഷയിലാണ് മറുപടി പറഞ്ഞത്? ആ ഭാഷയെ കുറിച്ചുള്ള വിവരം വേദപുസ്തകത്തിൽ ഇല്ല. ആദിയിൽ ദൈവവും ആദാമും ഹവ്വയും ഏതു ഭാഷയിൽ സംസാരിച്ചോ അത് ലോക ഭാഷയായി തുടർന്നു, അതുതന്നെ എബ്രായ ഭാഷയായി ലോകം മുഴുവൻ സംസാരിച്ചു തുടങ്ങി.

ലോകം മുഴുവൻ ഒരേ ഭാഷയായിരുന്നു എന്നു വേദപുസ്തകം പറയുന്നു. ബാബേൽ ഗോപുരം പണിതപ്പോൾ ദൈവകോപം ഉണ്ടായതിനെ തുടർന്ന് ദൈവം ഭാഷ കലക്കിക്കളഞ്ഞു. അതുകാരണം ജനം ഭൂമിയുടെ അറ്റംവരെ ചിതറിപ്പോയി ജീവിക്കാൻ തുടങ്ങി എന്ന വിവരവും ഞാൻ എഴുതിയിരുന്നു. ദൈവത്തിന്റെ സ്നേഹത്തെ ജനങ്ങൾ മനസിലാക്കാതെ, പല വിഗ്രഹങ്ങളെ ഉണ്ടാക്കി അത് ദൈവമാക്കി ആരാധിക്കാൻ തുടങ്ങിയ കാലത്തിൽ, വിഗ്രഹാരാധികളുടെ കൂട്ടത്തിൽ നിന്ന് നിഷ്കളങ്കനായ അബ്രഹാമിന്റെ കുടുംബത്തെ ദൈവം വേർപെടുത്തി വേറൊരു സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി. യഹോവ അബ്രഹാമിനോട് അരുളി ചെയ്തത് എന്തെന്നാൽ **നീ നിന്റെ ദേശത്തേയും ചാർച്ചക്കാരേയും പിതൃഭവനത്തേയും വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക. ഞാൻ നിന്നെ വലിയ ജാതിയാക്കും** (ഉല്പത്തി 12:1,2) ദൈവം അവന് വാക്കുകൊടുത്തപോലെ കർത്താവ് അവനെ സമ്പന്നനാക്കി വർദ്ധിപ്പിച്ചു.

ഇങ്ങനെ നോഹ, ഹനോക്ക്, അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരെ മുൻ മാതൃകയായി വച്ച് അവരോട് താൻ കാണിച്ച സ്നേഹത്തെ ലോകം കാണാൻ ഇടയായി. എന്നാലും ഈ ജനങ്ങൾ വിഗ്രഹാരാധനയെ വിട്ടില്ല. അക്കാലത്ത് ഓരോരുത്തൻ തനിക്ക് ബോധിച്ചതുപോലെ നടന്നു. ഇവരെ നേർവഴിയിൽ നടത്താൻ ന്യായാധിപൻമാരെയും, രാജാക്കൻമാരെയും അവസാനമായി പ്രവാചകന്മാർ വഴിയായും പല മുന്നറിയിപ്പുകൾ നൽകി ദൈവം തന്റെ സ്നേഹത്തെ മനസ്സിലാക്കി കൊടുക്കാൻ ശ്രമിച്ചു. പക്ഷെ ജനങ്ങളോ അതു കേൾക്കാതെ ശാഠ്യം കാണിച്ചു. അവർ ദൈവത്തിന്റെ സ്നേഹത്തെ മനസ്സിലാക്കിയില്ല. അതുകൊണ്ട് ദൈവം തന്റെ സ്നേഹത്തെ വെളിപ്പെടുത്തുവാൻ വേണ്ടി താൻതന്നെ ബലിയായി ക്രൂശിൽ മരിച്ചു തന്റെ സ്നേഹത്തെ വെളിപ്പെടുത്തി. അവൻ ചിന്തിയ രക്തത്താൽ കഴുകപ്പെട്ട് അവന്റെ ഉപദേശത്തെ കൈക്കൊള്ളുന്നവർക്ക് യോവേൽ പ്രവാചകൻ മൂലമായി അരുളിചെയ്ത വാക്കുപോലെ മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെട്ട ജഡപ്രകാരമുള്ള എല്ലാവരുടെ മേലും തന്റെ ആത്മാവിനെ പകരും എന്നുള്ള വാഗ്ദത്തത്തെ നിറവേറി.

മുകളിൽ ഞാൻ എഴുതിയതുതന്നെ നമ്മുടെ മുഴു വേദപുസ്തകത്തിന്റെ ചുരുക്കം. ഇതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച പരിശുദ്ധാത്മാവിന്റെ നിറവാണ്, ഇന്നത്തെ പെന്തക്കോസ്തിന്റെ പേരിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സഭകളേയും, സഭാവിശ്വാസികളേയും കുഴപ്പത്തിലാക്കുന്നത്. പരിശുദ്ധാത്മാവിന്റെ നിറവിന് പുറമേ കാണുന്ന അടയാളം **അന്യഭാഷയാണോ** എന്നുള്ളത് **പെന്തക്കോസ്തു സഭക്കാർക്കും, മറ്റു വിഭാഗത്തിൽപ്പെട്ട സഭക്കാർക്കും,** ഇടയിൽ പല വർഷങ്ങളായി അഭിപ്രായ വ്യത്യാസം വർദ്ധിച്ചു വലിയ പ്രശ്നമായി മാറി. ഈ പ്രശ്നങ്ങൾക്കെല്ലാം കാരണം 1. പെന്തക്കോസ്ത് സഭകൾ, 2. അന്യഭാഷ.

**പെന്തക്കോസ്ത് സഭയും, അന്യഭാഷ എന്ന പേരിൽ വായ്കുഴഞ്ഞു സംസാരിക്കുന്നതും ഉണ്ടായ ആരംഭ ചരിത്രം.**

അന്യഭാഷയെ കുറിച്ച് ധാരാളം പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. അത് എഴുതിയവരെല്ലാവരും അവരവർക്ക് ഉണ്ടായ സ്വന്ത **അനുഭവങ്ങളെയാണ്** കഥകഥയായി എഴുതിയിരിക്കുന്നത്.

അവർ എഴുതിയതിന് **വചന തെളിവില്ല**. തെളിവില്ലാതെ നാം സ്വന്തമായി ഒരു വിധിപോലും പറയാൻ പാടില്ല. ചിലർ എനിക്ക അന്യഭാഷ ആരും പഠിപ്പിച്ചു തന്നിട്ടില്ല, ഞാനായിട്ട് തന്നെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ അന്യഭാഷ സംസാരിച്ചു എന്ന് പറയുന്നു. നിങ്ങൾ കള്ളം പറഞ്ഞിട്ടില്ല എന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷെ നിങ്ങൾ പറഞ്ഞ വിഷയത്തിന് വചന തെളിവില്ലല്ലോ. ഏതെങ്കിലും ഒരു വചനത്തെ അതിന്റെ അർത്ഥം മനസ്സിലാക്കാതെ അത് നിങ്ങളുടെ സ്വന്ത അനുഭവത്തോട് താരതമ്യപ്പെടുന്നു. ഏതൊരു വചനം എടുത്താലും ആ വചനം സംസാരിച്ചതാരാണ്, ഏത് സാഹചര്യത്തിലാണ് സംസാരിച്ചത്, സംസാരിച്ചവരുടെ മുമ്പിൽ ആരെല്ലാം ഉണ്ടായിരുന്നു, എന്തുകൊണ്ടാണ് സംസാരിച്ചത് എന്നുള്ളത് വിവരിക്കേണ്ടത്, ആവശ്യമല്ലേ? നിങ്ങളുടെ സഭയിൽ അന്യഭാഷ സംസാരിച്ചു എന്നിരിക്കട്ടെ, പക്ഷെ കേരളത്തിൽ ഉള്ളവരെല്ലാവരും മലയാള ഭാഷ അറിഞ്ഞവരാണ്. അവരുടെ ഇടയിൽ എന്തുകൊണ്ടാണ് ആരും അറിയാത്ത ഭാഷയിൽ,

അന്യഭാഷ എന്ന ഭാഷയിൽ സംസാരിക്കുന്നത്? ഞാൻ പ്രാർത്ഥിക്കുമ്പോൾ അന്യഭാഷയിൽ സംസാരിക്കുന്നത് എന്റെ ശീലമാണ്, എന്നു നിങ്ങൾ പറയുമെങ്കിൽ നാം ആരാധിക്കുന്ന ദൈവത്തിന് ലോകത്തിലെ സകല ഭാഷയും അറിയുമല്ലോ; അങ്ങനെ ഇരിക്കേ നിന്റെ മാതൃഭാഷയിൽ ദൈവത്തോട് രണ്ട് വാക്ക് സംസാരിച്ചാലും അത് മതിയല്ലോ; പ്രാർത്ഥനയിൽ നിനക്ക് സമാധാനവും, പ്രത്യാശയും ലഭിക്കുമല്ലോ. വചനം ശക്തിയുള്ളതാണ്. ആ വചനം പ്രവർത്തിക്കാതെ എന്റെ അടുത്തേക്ക് മടങ്ങിവരത്തില്ലെന്ന് നമ്മുടെ ദൈവം പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് പൗലോസ് അപ്പോസ്തലൻ വചനം എന്ന ജ്ഞാനപ്പാലിനാൽ നിങ്ങളുടെ ആത്മീയ ജീവിതത്തിൽ ആത്മീയ വർദ്ധനവ് ഉണ്ടാകും എന്ന് എഴുതിയിരിക്കുന്നത്. ഇതുതന്നെയാണ് നമ്മുടെ വേദം നമ്മെ പഠിപ്പിക്കുന്നത്. വചനം ജീവനുള്ളതാണ്, വചനം സൗഖ്യമാക്കും, (സങ്കീർത്തനം 107:20) വചനം അശ്വസിപ്പിക്കുന്നു (സങ്കീർത്തനം 119:92). വചനത്തെ അനുസരിക്കുന്നവരെ പിതാവ് സ്നേഹിക്കുന്നു (യോഹന്നാൻ 14:23). വചനം കേൾക്കാത്തവന്റെ പ്രാർത്ഥനയെ ദൈവം വെറുക്കുന്നു (സദൃശ്യവാക്യം 28:9). വചനം നിന്റെ പാതയ്ക്ക് വെളിച്ചം കാണിച്ചു വഴി നടത്തുന്നു (സങ്കീ 119:105). എന്റെ വചനത്തിന് മുമ്പിൽ വിറയ്ക്കുന്നവനെ ഞാൻ നോക്കും, ദൈവത്തിന്റെ വചനം നിങ്ങളിൽ ഉണ്ടായാൽ നിങ്ങൾ യാചിക്കുന്നത് നിങ്ങൾക്ക് ലഭിക്കും (യോഹന്നാൻ 15:17). ഇതുപോലെ കർത്താവ് വളരെ വ്യക്തമായി, പരിശുദ്ധാത്മാവ് മുഖാന്തരം ഉണർത്തുമ്പോൾ, എന്തുകൊണ്ടാണ് അന്യഭാഷ എന്ന പേരിൽ അർത്ഥമില്ലാതെ ക്ഷീരഭല, ശങ്കരഭല എന്ന് ഇങ്ങനെ വായ് കുഴഞ്ഞ് സംസാരിച്ച് പരിശുദ്ധാത്മാവിനെ അപമാനപ്പെടുത്തുന്നത്? മുകളിൽ പറഞ്ഞതുപോലെ നാല് വാക്കുകൾ സംസാരിക്കുന്നതല്ലാതെ പുതിയ വാക്കുകൾ ഒന്നും സംസാരിക്കുന്നില്ല. അന്യഭാഷയിൽ ആത്മീക വർദ്ധന ഉണ്ടാകുന്നില്ല, വേദ വചനത്തിലാണ് ആത്മീക വർദ്ധന ഉണ്ടാകുന്നത്.

## നവീനകാല അന്യഭാഷ ചരിത്രം നമുക്കു ശ്രദ്ധിക്കാം

ഈ ചരിത്രത്തെ നിങ്ങൾ വായിക്കുന്നതിനു മുമ്പു ഒരു പ്രധാന വിഷയത്തെ അറിയണം. മുഴുലോകവും ജന്മപാപത്തിൽ വീഴാൻ കാരണം

ഹവ്വ എന്നുള്ള സ്ത്രീ എന്നത് നമുക്കല്ലാവർക്കും അറിയാം. സ്ത്രീകളെക്കുറിച്ചു വേദപുസ്തകം പറയുന്നത് സ്ത്രീകൾ ബലഹീനപാത്രം എന്നാണ്. ഇന്നത്തെ പെന്തക്കോസ്ത് സഭ, സെവൻത് ഡേ സഭ, സാൽവേഷൻ ആർമി എന്നുള്ള സഭ, യഹോവ സാക്ഷികൾ എന്നുള്ള പിശാചിന്റെ സഭ, ഈ സഭകളെല്ലാം സ്ഥാപിച്ചത് സ്ത്രീകളാണ്. പെന്തക്കോസ്ത് സഭയിൽ സന്തോഷം, ആകർഷണം, ലഹരിപിടിച്ച അനുഭവം, ആവേശം ഇതെല്ലാ ഇവരുടെ ആരാധനയിൽ കാണുന്നതുകൊണ്ട് യുവാക്കളും യുവതികളും ഇങ്ങനെയുള്ള സഭകളുടെ സ്തുതി ആരാധനയിൽ (Praise and worship) സംബന്ധിക്കാൻ ആഗ്രഹിക്കുന്നു. ഇതുതന്നെ പെന്തക്കോസ്ത് സഭയുടെ ആരംഭചരിത്രത്തിലും പറയപ്പെടുന്നു.

- 1906–ാം വർഷം അമേരിക്കയിൽ ലോസ് എയ്ഞ്ചലസ് പട്ടണത്തിൽ അസൂസാ എന്നുള്ള വീഥിയിൽ ആണ് അന്യഭാഷയുടെ ആരംഭം ഉണ്ടായത്. ആ വീഥിയിലെ ഒരു ചെറിയ വീട്ടിൽ കുറച്ചു സ്ത്രീകളായി കൂടി പ്രാർത്ഥിക്കുന്നതു പതിവ്. ആ വീട്ടിൽ പാർക്കുന്ന **ജെന്നിമൂർ** എന്നു പേരുള്ള ബാല്യക്കാരത്തിയാണ് തന്റെ വീട്ടിൽ കൂടുന്ന പ്രാർത്ഥന ഗ്രൂപ്പിനെ നയിച്ചിരുന്നത്. ഇതിൽ ശ്രദ്ധിക്കേണ്ട പ്രധാന വിഷയം ആ വീട്ടിൽ കൂടിയ സ്ത്രീകളും യുവാക്കളിൽ ചിലരും ഭൂരിപക്ഷം കറുത്ത വർഗ്ഗക്കാരായ ആഫ്രിക്കക്കാരായിരുന്നു. അതിൽ ഒന്നുരണ്ടുപേർ മാത്രമാണ് വെള്ളക്കാരായിരുന്നത്. ആഫ്രിക്കയിലെ കറുത്ത വർഗ്ഗക്കാർക്ക് പൊതുവെ ജനിച്ച കുഞ്ഞായി വളരുമ്പോൾ, ഡാൻസ് കളിച്ചു കൊണ്ടു സംസാരിക്കുന്നതും, പെരുമാറുന്നതും, ഇവർക്കു സന്തോഷം വന്നാൽ പൊതുസ്ഥലത്ത് കയ്യടിച്ച് നൃത്തം ചെയ്യാൻ തുടങ്ങും. വീഥിയിൽ പോകുന്ന കറുത്ത വർഗ്ഗക്കാർ ഇവരെ കണ്ട ഉടനേ അവരോടു ചേർന്നു അല്പസമയം ഒരു ചെറിയ നൃത്തം ചെയ്തിട്ടുതന്നെ തന്റെ വഴിക്ക് അവർ പോകും. ഇത് അവരുടെ ജന്മനാലുള്ള **സംസ്കാരം** ആകുന്നു.

ഡോ. പുഷ്പരാജായ ഞാനും രണ്ടുപ്രാവശ്യം ആഫ്രിക്ക ദേശത്തിലുള്ള കോംഗോ, ഉഗാണ്ട, നൈജീരിയ അഡീസ് അബാബാ ഇനിയും രണ്ടു മൂന്നു ആഫ്രിക്കൻ രാജ്യങ്ങളിൽ ഓരോരോ പ്രാവശ്യവും മൂന്നു ആഴ്ചകൾ താമസിച്ചു ദൈവവേല ചെയ്തു മടങ്ങിവന്നു. അതുകൊണ്ടു ഇവരുടെ സംസ്കാരത്തെ എനിക്കു നന്നായി അറിയാം.

കറുത്തവർഗ്ഗക്കാർ ഏതു ദേശത്തിൽ ചെന്നു ആരാധിച്ചാലും നൃത്തം ചെയ്തു കയ്യടിച്ചു ഒരു വിധത്തിലുള്ള ശബ്ദമുണ്ടാക്കി ആരാധിക്കുന്നതു ശീലമാണ്. ഇത് അവരുടെ സംസ്കാരം.

അസൂസാ വീഥിയിൽ വീട്ടുപ്രാർത്ഥനയിലും അന്നു രാത്രി അതുതന്നെ സംഭവിച്ചു. അവരുടെ പ്രാർത്ഥനസമയത്തിലെ പാട്ടും ഡ്രമ്മിൽ കൊട്ടുന്നതും അവരെ ആവേശത്തിലേക്ക് എത്തിച്ചു. അപ്പോഴാണ് ആരും പ്രതീക്ഷിക്കാത്ത സ്ഥിതിയിൽ ജന്നിമൂർ എന്ന ബാല്യക്കാരത്തി ആവേശത്തിന്റെ ഉച്ചകോടിയിൽ വായ്കുഴഞ്ഞു എന്തോ സംസാരിച്ചു. കുറച്ചുസമയം അതു നീണ്ടുപോയി. ആ കൂട്ടത്തിൽ പാടിക്കൊണ്ടിരുന്നവർ ആശ്ചര്യത്തോടു അവളെക്കണ്ടു. അവിടെ കൂടിയിരുന്നവർക്ക് അതു പുതുമയായിരുന്നു. അവൾ വായ്കുഴഞ്ഞു സംസാരിച്ചവാക്കു, ആദികാലത്ത് അപ്പോസ്തലന്മാർ മാളികമുറിയിൽ, പരിശുദ്ധാത്മാ നിറവിൽ സംസാരിച്ചപ്പോൾ ഓരോരുത്തരുടെ വായിൽ നിന്നും വിവിധ ഭാഷകൾ പുറത്ത് വന്നത് ഈ പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചവർ ഓർത്തു. ഒരു പക്ഷം ഇതു പരിശുദ്ധാത്മാവിന്റെ പിൻമാരി ആയിരിക്കുമോ എന്നു മനസ്സിലാകാത്ത സ്ഥിതിയിൽ കൂടെ ഇരുന്നവർ എല്ലാപേരും അവൾ സംസാരിച്ചത് കയ്യടിച്ചു ഉത്സാഹപ്പെടുത്തി.

ജന്നിമൂർ എന്നുള്ള ബാല്യക്കാരത്തിയുടെ വീട്ടിന്റെ മുൻഭാഗത്ത് വാടകവീട്ടിൽ പുതുതായി വന്ന് താമസിച്ച വ്യക്തിയാണ് സഹോ. **വില്യം മോർ.** തന്റെ വീട്ടിന്റെ നേരേ എതിർവശത്തുണ്ടായ സ്ത്രീകളുടെ ശബ്ദം കേട്ട്, ഇദ്ദേഹം അവിടെ ചെന്നു. അല്പസമയം ജന്നിമൂറിന്റെ വായ്കുഴഞ്ഞ ആവേശത്തിൽ സംസാരിച്ചത് ശ്രദ്ധിച്ചു. ആ പ്രാർത്ഥന കഴിഞ്ഞശേഷം ആ ജന്നിമൂറിന്, തന്നെ പരിചയപ്പെടുത്തി. മാത്രമല്ല ഓരോദിവസവും നടക്കുന്ന പ്രാർത്ഥന യോഗത്തിൽ ഇദ്ദേഹവും സംബന്ധിക്കാൻ തുടങ്ങി.

ഈ പുതിയ വ്യക്തിയായ വില്യം മോർ അവർകളെക്കുറിച്ചു വായനക്കാരായ നിങ്ങളും അറിയണം. ഇദ്ദേഹം ഒരു നല്ല അത്മീക വിശ്വാസിയാണ്. ലോസ് എയ്ഞ്ചൽസ് പട്ടണത്തിൽ ഒരു നല്ല ആത്മീക സഭയിൽ അംഗമായിരുന്ന വ്യക്തിയാണ്. കൂടുതൽ വിദ്യാഭ്യാസം ഇല്ലാത്ത ആളാണ്. പക്ഷെ ദൈവവേലയിൽ നല്ല വാഞ്ച ഉള്ള വ്യക്തിയാണ്. താൻ അംഗമായിരുന്ന സഭയിൽ ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ സഭാ മൂപ്പനോട് പ്രശ്നങ്ങളെക്കുറിച്ച് ചില ചോദ്യങ്ങൾ ചോദിച്ചു. അതു വലിയ പ്രശ്നമായിമാറി. സഭക്കമ്മറ്റി വില്യംമോറിനെ സഭയിൽ നിന്നു മുടക്കി, സഭയിൽ നിന്നു പുറത്താക്കി. പക്ഷെ അതു താല്ക്കാലിക പുറത്താക്കലായിരുന്നാലും തുടർന്ന് ആ സഭയിൽ ആരാധിക്കാൻ ഇഷ്ടമില്ലാതെ, ആ സഭ ഉണ്ടായിരുന്ന സ്ഥലത്തിൽ നിന്ന് തന്റെ വീട് മാറി അസൂസാ വീഥിയിൽ വന്ന് പുതുതായി താമസിക്കാൻ തുടങ്ങി. ഈ സാഹചര്യത്തിലാണ് തന്റെ വീടിന്റെ എതിർഭാഗത്തു താമസിക്കുന്ന ജനിമൂറിനോടു അടുത്തു ഇടപഴകാൻ തുടങ്ങി. അതു പ്രേമമായി മാറി. പ്രേമംകൂടി അതു വിവാഹത്തിൽ അവസാനിച്ചു. വിവാഹം ചെയ്തശേഷം തന്റെ ഭാര്യയുടെ വായ്കുഴഞ്ഞു സംസാരിക്കുന്ന രീതിയെ, അപ്പോസ്തലന്മാർ സംസാരിച്ച അന്യഭാഷ എന്നു, പുറത്തുള്ളവർക്കു പരിചയപ്പെടുത്തി. മറ്റു സഭകൾക്കു തന്റെ ഭാര്യയെ പരിചയപ്പെടുത്തി. തന്റെ ഭാര്യ ജന്നി സംസാരിച്ചതു അന്യഭാഷ എന്നു പരിചയപ്പെടുത്തി. അതു കണ്ടവർ എല്ലാപേരും ജന്നിയെപ്പോലെ അന്യഭാഷ സംസാരിക്കാൻ ആഗ്രഹിച്ചു. അവരുടെ കൂട്ടത്തിൽ പല സഭക്കാർ സംബന്ധിച്ചു. ഇപ്പോൾ പുതിയ മ്യൂസിക് ഉപകരണങ്ങളും ഡ്രമ്മും പുതുതായി പരിചയപ്പെടുത്തി. ഇതു സഭകളെ ആകർഷിച്ചു അടുത്തുള്ള ജില്ലകളിലെ സഭക്കാരും ജന്നിയെ ക്ഷണിച്ചു. ജന്നി വായ്കുഴഞ്ഞു സംസാരിച്ചത് അന്യഭാഷയായി മാറി. അടുത്തുള്ള ജില്ലകളിലും അടുത്തുള്ള നാടുകളിലും തീപോലെ വ്യാപിക്കാൻ തുടങ്ങി. ഇപ്പോൾ ലോകം മുഴുവൻ പല സഭകൾക്കു തങ്ങളെ മറ്റു സഭകളിൽ നിന്നു വ്യത്യസ്ഥരായി കാണിക്കാൻ ഈ അന്യഭാഷ വളരെ പ്രയോജനമായിരുന്നു.

ഇത് പുതു പുതു അനുഭവങ്ങളിലേക്ക് ഇവരെ കൊണ്ടുപോയി. ആവേശത്തിന്റെ ഉച്ചസ്ഥിതിയിൽ പടിപടിയായി ഉയർന്ന് ഒരു സ്റ്റേജിൽ അന്യഭാഷയിൽ കരയാൻ ആരംഭിച്ചു.

ലോസ് ഏഞ്ചലസിൽ അന്യഭാഷയും പെന്തെക്കോസ്തനുഭവവും എങ്ങനെ വന്നു എന്ന തലക്കെട്ടിൽ ഉള്ള പുസ്തകത്തെ എഴുതിയ വ്യക്തി ഇങ്ങനെ പറയുന്നു, ദൈവം അരുളിചെയ്ത ആ അന്യഭാഷയിൽ കരയാനുള്ള അനുഭവവും, മനസ്സിലാകാത്ത ചില പുതിയ ശബ്ദങ്ങളും കൊടുത്തു എന്നു അദ്ദേഹം എഴുതിയിരിക്കുന്നു. അതിൽ ഒരു പ്രത്യേക സന്തോഷവും ഉണ്ടാകുന്നു എന്നു അദ്ദേഹം തന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു.

നമ്മുടെ ഇന്ത്യയിലെ ക്രിസ്ത്യാനികൾക്കു **സ്വയ ബുദ്ധിയില്ല** എന്നുള്ള ഒരു ചൊല്ല് ഉണ്ട്. ഇന്ത്യയിൽ സഭക്കുള്ളിൽ വന്ന എല്ലാ പുതുഉപദേശങ്ങളും ഇന്ത്യയിലുള്ള ക്രിസ്ത്യാനികൾക്കു സ്വയമായി ലഭിച്ച അനുഭവമല്ല. എല്ലാം അമേരിക്കയിൽ നിന്നു ഇറക്കുമതി ചെയ്തതാണ്. ഒരു ദൈവവേലക്കാരൻ ഒരു പ്രാവശ്യം ഇന്ത്യയിൽ നിന്നു അമേരിക്കയിൽ പോയിട്ടു വന്നാൽ മതി പുതു പുതു ഉപദേശങ്ങളെ പഠിച്ചുകൊണ്ടുവരും. അവയെ ഇന്ത്യയിൽ പരിചയപ്പെടുത്തുവാൻ അവർക്കു ധാരാണം ഡോളർ (Dollar) കിട്ടും. അങ്ങനെയാണ് പല പുതിയ വചനവിരുദ്ധമായ ഉപദേശങ്ങളും ഇന്ത്യയിലെ സഭക്കുള്ളിൽ നുഴഞ്ഞുകയറിയത്.

**പാടുമ്പോൾ കരയുന്നത്**

ഫാദർ. പെർഗ്ഗമെൻസ് പോലുള്ള ചില പാട്ടുകാർ സ്ത്രോത്രപാട്ടു പാടിയാലും, കരഞ്ഞുകൊണ്ടു പാടും. നന്ദി പറയുമ്പോഴും നമുക്കു സന്തോഷമല്ലേ വരേണ്ടത്? ചില പെന്തക്കോസ്ത് ആരാധനയിൽ അന്യഭാഷയിൽ കരയുക എന്ന് പാസ്റ്റർമാർ പറയുന്നതു കേട്ടിട്ടുണ്ട്. അന്നു, ആ ജന്നി എന്നുള്ള ബാല്യക്കാരത്തി, പരിചയപ്പെടുത്തിയ അന്യഭാഷ ഇന്നു പിശാചു ലോകം മുഴുവനും ഉള്ള സഭകളിൽ പരിചയപ്പെടുത്തി. പല സഭകളെ തന്റെ പിടിയിൽ കെട്ടിവച്ചിരുക്കുന്നു. ഇന്നു, ആ ബാല്യക്കാരിയുവതി തന്റെ കാമുകനോട് ചേർന്ന് പ്രാർത്ഥനയിൽ സംസാരിച്ച അന്യഭാഷയാണ് എ.ജി. സഭകളും, ചർച്ച് ഓഫ് സഭകളും, ദി പെന്തെക്കോസ്ത് (സിലോൺ പെന്തെക്കോസ്ത്) ഐ.പി.സി.സി സഭകളും തങ്ങളുടെ സഭകളുടെ പ്രധാന അടയാളമാക്കി വ്യാജഭാഷകളെ സംസാരിച്ച്, തങ്ങളുടെ സഭാ വിശ്വാസികളെ

ഉത്സാഹപ്പെടുത്തി വരുന്നു. പല പെന്തെക്കോസ്ത് സഭ വിശ്വാസികൾക്കും, ഭൂരിപക്ഷ പാസ്റ്റർമാർക്കും, ഈ നവീന അന്യഭാഷ ഉണ്ടായ ചരിത്രം തന്നെ അറിയാൻ പാടില്ല.

അമേരിക്കയിൽ നിന്നു ഇറക്കുമതിചെയ്ത അന്യഭാഷ എന്നുള്ള ചരക്കിനെ ഇന്ത്യൻ സഭകളിൽ പരിചയപ്പെടുത്തിയ ദൈവവേലക്കാരോടും പാസ്റ്റർമാരോടും ഞാനൊന്നു ചോദിക്കാൻ ആഗ്രഹിക്കുന്നു. പുതിയ വേദപുസ്തകത്തിൽ അപ്പോസ്തലന്മാർക്കുണ്ടായ ആത്മാവിന്റെ നിറവിൽ സംസാരിച്ച ആ ഭാഷകൾ (അന്യഭാഷകൾ), അന്യഭാഷകളുടെ അനുഭവം, 1907–ാമത്തെ വർഷം വരെ അമേരിക്കയിലും ഇന്ത്യയിലും ലോകം മുഴുവനും ഉള്ള പെന്തെക്കോസ്തു സഭകളിൽ എന്തുകൊണ്ടാണ് ആരും സംസാരിക്കാത്തത്? 1907–ാം വർഷത്തിന് മുമ്പ് ധാരാളം ക്രിസ്തീയ സഭകൾ ആരാധിച്ചല്ലോ? അപ്പോൾ ഈ നവീന അന്യഭാഷയുടെ ആത്മാവ് എവിടെപ്പോയിരുന്നു? അന്നത്തെ ഒരു പാസ്റ്റർക്കെങ്കിലും ദൈവവേലക്കാരനെങ്കിലും ഈ അനുഭവം ഉണ്ടാകാതെ പോയത് എന്തുകൊണ്ടാണ്? ഒരു സാധാരണ ബാല്യക്കാരത്തി പെണ്ണിന്റെ ഉപദേശത്തേയും ദർശനത്തെയും ആണ്, ഇന്നത്തെ പെന്തെക്കോസ്തു സഭകൾ അനുഗമിക്കുന്നതു. ഇന്നത്തെ പെന്തെക്കോസ്തു സഭക്കാർ ഈ അന്യഭാഷയ്ക്ക് പരിണാമ വളർച്ച ഉണ്ടാക്കി, അഗ്നി അഭിഷേക ഉണർവ് എന്ന ഒരു പുതിയ പേര് വച്ച് പരിചയപ്പെടുത്താൻ തുടങ്ങി. ഈ **അഗ്നി അഭിഷേകം** എന്നുള്ള ആകർഷണവാക്ക് ധാരാളം ജനങ്ങളെ ആകർഷിച്ചു. ആ അഗ്നി അഭിഷേകം ലഭിക്കുവാൻ പല സ്ഥലങ്ങളിലേക്ക് ബസ്സിൽ പൈസ കൊടുത്തു പോയി, സംബന്ധിച്ചു മടങ്ങി വരുന്നു.

**പുതു പുതു അനുഭവങ്ങൾ**

ഈ അഗ്നി അഭിഷേക ഉണർവ്വിന് പുതു പുതു അനുഭവങ്ങൾ പിശാചു പരിചയപ്പടുത്താൻ തുടങ്ങി. അന്യഭാഷയിൽ കരയുന്നത്, പുതു അനുഭവമായി ജനങ്ങളുടെ ഇടയിൽ വ്യാപിക്കാൻ തുടങ്ങിയോ അതുപോലെ അന്യഭാഷയിൽ ചിരിക്കുന്നതു ലോകത്തിൽ വ്യാപിച്ചു പടരാൻ തുടങ്ങി.

**ടൊറണ്ടോ റിവൈവൽ (കാനഡ)**

ടൊറണ്ടോ റിവൈവൽ എന്ന പേരിൽ, കാനഡയിൽ ഒരു വലിയ ഉണർവുയോഗം ലോകത്തിലുള്ള എല്ലാ ദൈവവേലക്കാർക്ക് വേണ്ടിയും ക്രമീകരിച്ചിരുന്നു. ആ ടൊറണ്ടോ യോഗത്തിന്റെ അഞ്ചുദിവസ പരിപാടികളേയും ഞാൻ TVയിൽ കണ്ടു. അന്യഭാഷയിൽ കരയാൻ സാധിക്കുമെങ്കിൽ അന്യഭാഷ അനുഭവത്തിൽ എന്തുകൊണ്ടു ചിരിക്കാൻ സാധിക്കത്തില്ല എന്നു പലർ പ്രസംഗിച്ചു. ഉച്ചയ്ക്ക് ശേഷം പ്രാർത്ഥനാ സമയത്തിൽ അന്യഭാഷയിൽ ചിരിക്കുന്നതു പരിചയപ്പെടുത്തി. പാട്ടുകൾ പാടി, ധാരാളം വാദ്യ ഉപകരണങ്ങൾ വായിച്ചു, ജനങ്ങൾ കയ്യടിച്ചു നൃത്തം ചെയ്തു. പെട്ടന്ന് സ്പീക്കറിൽ പരിശുദ്ധാത്മാവ് ഇപ്പോൾ ഇറങ്ങിക്കൊണ്ടിരിക്കുന്നു, എല്ലാവർക്കും പരിശുദ്ധാത്മാവിൽ ഇപ്പോൾ ചിരിക്കാൻ സാധിക്കും എന്നു പരിചയപ്പെടുത്തി. ആ സമയത്ത് അവിടെ ഉണ്ടായിരുന്ന ലോക പ്രശസ്തരായ ദൈവവേലക്കാർ ചിരിക്കാൻ തുടങ്ങി. ആ സ്റ്റേജിൽ നല്ല വേദപണ്ഡിതന്മാർ, രോഗശാന്തിവരം ലഭിച്ച ദൈവവേലക്കാർ എല്ലാപേരും ചിരിക്കാൻ തുടങ്ങി. ആ സ്റ്റേജിൽ രോഗശാന്തി വിവരം ലഭിച്ച **ഓറൽ റോബർട്ട്, കെന്നത്ത് ഹെഗൻ, വില്യം ബെക്ക്, മോറിസ് സെറുല്ലോ** ഇവരെല്ലാം ചിരിച്ചു ചിരിച്ചു താഴെ വീണു അവരെക്കൊണ്ടു ചിരി നിയന്ത്രിക്കാൻ സാധിക്കാതെ കണ്ണുകളിൽ നിന്നു കണ്ണുനീരും, വായിൽ നിന്നു തുപ്പലും, ഒഴുകി. ചിരിയെ നിയന്ത്രിക്കാൻ സാധിക്കാതെ ഒരാളുടെമേൽ ഒരാൾ വീണു ചിരിച്ചുകൊണ്ടിരിക്കുന്നത് പല മണിക്കൂർ സമയം ആ വീഡിയോയിൽ ഞാൻ കണ്ടു. ഉച്ചയ്ക്കുശേഷം ചിരിക്കാൻ തുടങ്ങിയവർ വൈകിട്ടുവരെ ചിരി നിയന്ത്രിക്കാൻ സാധിച്ചില്ല. ഒരു വലിയ ലോക പ്രശസ്തയായ സ്ത്രീ പ്രസംഗീക, മുട്ടിന്റെ മേൽ വരെ ഉള്ള ചെറിയ ഡ്രസ്സോടെ സ്റ്റേജിൽ മുമ്പിൽ നിന്നു താഴെ വീണു ഉരുണ്ടത്, ലോകം മുഴുവനും ഉള്ളവർ ടീവിയിൽ കണ്ടതു, പിള്ളേർ കാണാൻ പാടില്ല, എന്നു പറഞ്ഞ് ടി വി ഓഫ് ചെയ്തു എന്നു പത്രത്തിൽ വായിച്ചു. ഈ വലിയ

ആൾക്കൂട്ടം ദൈവവേലക്കാരുടെ ചിരി വർദ്ധിച്ചതു കൊണ്ടു പോലീസും ഗവൺമെന്റും ഇടപെട്ടു. ഇതു കാണാൻ ട്രാഫിക് ജാമായി. ലോകത്തിലെ വലിയ ദൈവവേലക്കാർ, ഈ ടൊറണ്ടോ യോഗത്തെ വിമർശിച്ചു, ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം അല്ലെന്നു പറഞ്ഞു. ഈ ലോക പ്രശസ്തരായ ദൈവവേലക്കാരുടെ ഈ പ്രവർത്തനം സാക്ഷി നഷ്ടപ്പെടുത്തി. പരിശുദ്ധാത്മാവിനെ അപമാനിക്കുന്ന ഈ പരിപാടികൾ ഞാൻ ടി വിയിൽ കണ്ടു എന്നു അഭിമുഖ സംഭാഷണത്തിൽ പറഞ്ഞു. ലോകപ്രശസ്തനായ ബില്ലിഗ്രഹാം അവർകളോടു ഇതിനെക്കുറിച്ചു ചോദിച്ചപ്പോൾ വളരെ മോശമായ സാക്ഷികെട്ട പരിപാടികൾ ലോകത്തിലുള്ള ജനങ്ങൾ കണ്ടതിൽ ഞാൻ ദുഃഖിക്കുന്നു എന്നു മാത്രം പറഞ്ഞു. ഒരാഴ്ചക്കുശേഷം ഓറൽ റോബർട്ട് എന്ന ലോക പ്രശസ്തിയുള്ള ദൈവവേലക്കാരൻ ആ പരിപാടിയിൽ ഞാൻ സംബന്ധിച്ചതിനു ക്ഷമ ചോദിക്കുന്നു എന്നു ടിവിയിൽ പറഞ്ഞു. ഇനി ഞാൻ ചിരി അന്യഭാഷയെക്കുറിച്ചു ഒരിടത്തും പ്രസംഗിക്കുന്നില്ല എന്നു തന്റെ മാസികയായ അബൻഡന്റ് ലൈഫ് എന്നുള്ള മാസികയിൽ എഴുതി.

അന്യഭാഷ എന്നുള്ള പേരിൽ പരിശുദ്ധാത്മാവിനെ അപമാനിക്കുന്ന വിധത്തിൽ എന്തെല്ലാം കാര്യങ്ങൾ സംഭവിച്ചു എന്ന് നിങ്ങൾ വായിച്ചല്ലോ, ഇനിയും ഉണ്ട്. അതോടെ അന്യഭാഷാകുഴപ്പം എന്നുള്ള തലക്കെട്ടിൽ എഴുതുന്നതു ഞാൻ അവസാനിപ്പിക്കാൻ ഇഷ്ടപ്പെടുന്നു.

> തുടർന്ന് ഞാൻ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കു മറുപടി തരും. ഇതുവരെ ഞാൻ എഴുതിയതിൽ എന്തെങ്കിലും സംശയങ്ങളോ വിമർശനങ്ങളോ ഉണ്ടെങ്കിൽ എഴുതി അറിയിക്കണം

അടുത്ത മാസവും അന്യഭാഷാകുഴപ്പ വിവരം തുടരും....

# ട്രൈബൽ മിഷൻ വയനാട് വയൽ പ്രദേശ കൂട്ടങ്ങൾ




വയനാട്ടിൽ ഉള്ള അദിവാസികളുടെ ഇടയിൽ **ട്രൈബൽ മിഷൻ** ആരംഭിച്ച സഭകളെ **ഞാനും Dr. മുരളി** അവർകളും സന്ദർശിച്ചു. പല ഗ്രാമങ്ങൾ മുഴുവനുമായി രക്ഷിക്കപ്പെട്ടു, സ്നാനമേറ്റു, സഭാംഗങ്ങളായി ആരാധിക്കുന്നതു കാണുമ്പോൾ എത്ര വലിയ സന്തോഷം

**ആദിവാസി മൂപ്പൻ**, എഴുതാനോ വായിക്കാനോ, അറിയാൻ പാടില്ല, അദ്ദേഹത്തിന്റെ കുടുംബം മുഴുവൻ **മദ്യപാനത്തിനും കഞ്ചാവിനും** അടിമകളായിരുന്നു. ജനിച്ച കുഞ്ഞിനു കരയുമ്പോൾ ഗ്രേപ്പ് വാട്ടർ പോലെ ചാരായത്തെ വായിൽ ഒഴിച്ചതു നമുക്കു ക്രൂരതയായി തോന്നാം. അതു അവരുടെ കുടുംബ ശീലം. **മിഷനറിമാർ** ചെന്ന് അവരോടു **സുവിശേഷം** പറഞ്ഞ ശേഷം മൂപ്പൻ ആദ്യമായി കുടിയും കഞ്ചാവുവലിയും നിർത്തി. അദ്ദേഹം നിർത്തിയ ഉടനെ മുഴുവൻ കുടുംബവും കുടിയെ നിർത്തി. ഇപ്പോൾ മുഴുവൻ ആദിവാസി ഗ്രാമവും കുടിയെ നിർത്തി മാനസാന്തരപ്പെട്ടു. ഒരോരോ വീട്ടിന്റെ അടുത്തുള കഞ്ചാവു ചെടികളെ വളർത്തിക്കൊണ്ടിരിക്കുന്നു. ഗവൺമെന്റിനും ഫോറസ്റ്റ്ഡിപ്പാർട്ടുമെന്റിനും അവരെ തടയാൻ സാധിച്ചില്ല.

മാനസാന്തരപ്പെട്ടശേഷം അവർ ആ ചെടികളെ പിഴുതു കളഞ്ഞു. എന്നാൽ ക്രീസ്തു അവരുടെ ഉള്ളിൽ പോയശേഷം എല്ലാം തലകീഴായി മാറി. അവരും ഒരു സഭയായി. ആ ആദിവാസി ഗ്രമത്തിന്റെ പേർ **ഫോറസ്റ്റ് കോളനി** എന്നാണ്.

ആദിവാസി ഗ്രാമത്തിന്റെ മൂപ്പൻ മൂലം ആദ്യമായി സഭ ആരംഭിച്ചു. ആ ഗ്രാമത്തിൽ നിന്ന് ചില വർഷങ്ങളായി പോലീസിൽ **കേസ്സില്ല. മോഷണക്കേസ്സുമില്ല.** വിവരമറിഞ്ഞു **കലക്ടറും** ഗവൺമെന്റധികാരികളും ആ സ്ഥലത്ത് വന്ന് അന്വേഷണം നടത്തി. കലക്ടർ വളരെ സന്തോഷിച്ചു. ഒരോർത്തർക്കും 35000 രൂപ ചിലവാക്കി ടെറസ് വീടുകൾ പണിതുകൊടുത്തു. നിങ്ങൾക്ക് വേറെ എന്തു വേണം എന്നും കലക്ടർ ചോദിച്ചു. ദൈവത്തെ ആരാധിക്കാൻ ഞങ്ങൾക്കൊരു കെട്ടിടം ആവശ്യമുണ്ട്. ഉടനെ പാരിഷ്ഹാൾ മാതിരി ഒരു കെട്ടിടം പണിതു. ആദ്യം ക്രീസ്തുവിനെ സ്വീകരിച്ച ആദിവാസി മൂപ്പൻ അടുത്ത കാലത്ത് മരിച്ചുപോയി. അദ്ദേഹത്തിന്റെ മകൻ മൂപ്പൻ സ്ഥാനം ഏറ്റെടുത്തു. മരിച്ച മൂപ്പന്റെ പേര് തന്നെ ആ പള്ളിക്കും പേരുവെച്ച് ആരാധിച്ചുകൊണ്ടിരിക്കുന്നു. അവിടെ വച്ച് അവർക്കവേണ്ടി കാർത്താവിന്റെ സുവിശേഷം ഞാനും, Dr.മുരളിയും പങ്കുവച്ചു. എഴുതാനോ വായിക്കാനോ അറിയാത്ത ഇപ്പോഴുള്ള മൂപ്പൻ 91-ാം സങ്കീർത്തനവും മാറ്റു ചില സങ്കീർത്തനങ്ങളും കാണാപാഠമായി പറയുന്നതു കേട്ടപ്പോൾ ഞങ്ങൾ അതിശയിച്ചുപോയി. അതുപോലെ ചെറിയ പെൺകുട്ടികളും, സങ്കീർത്തനത്തിന്റെ മുഴു അദ്ധ്യായത്തെയും കാണാതെ പറയുന്നു അവരുടെ ഭാഷയിൽ പുതിയ നിയമം തർജിമചെയ്തു കൊടുത്തിരിക്കുന്നു. പാട്ടുകളും അവരുടെ ആരാധനയിൽ പാടുന്ന പാട്ടുകളും, അവരുടെ ഭാഷയിൽ തന്നെ. അവരോടു സുവിശേഷം അറിയിച്ച മിഷനറിമാരെ ഞാൻ വാഴ്ത്തുന്നു.
ദൈവത്തെ സ്തുതിക്കുന്നു.

ഫോട്ടോയിൽ എന്റെ പിന്നിൽ നിൽക്കുന്നവർ എല്ലാപേരും



യേശുക്രിസ്തുവിനെ സ്വീകരിച്ചു അവർ തന്നെ പാസ്റ്റർമാരായി അഭിഷേകിക്കപ്പെട്ടു.

ഞാനും ***Dr.*** മുരളിയും വയനാട് ഭാഗത്തിലുള്ള എല്ലാ ആദിവാസി ട്രൈബൽ മിഷൻ സഭാകളുടെ അംഗങ്ങളും വയനാട്ടിൽ ഒരു വലിയ ഹാൾ വാടകക്കെടുത്ത് അവരെ എല്ലാവരേയും കൂട്ടി വരുത്തി, അവർക്ക് വേദ വചനത്തേയും സാക്ഷിയുള്ള ജീവിതത്തെയും കുറിച്ചു പ്രസംഗിച്ചു.

☐ ഈ പടത്തിൽ കാണുന്ന ആയിരക്കണക്കുള്ള ജനങ്ങൾ വനത്തിലുള്ള പല സഭകളിൽ നിന്നും, പല മൈൽ നടന്നു വന്ന്, ഈ മണ്ഡപത്തിൽ കുടിയവരാണ്. ഒരു വലിയ ഡയോസിസ് കൺവെഷൻ മാതിരി എനിക്കതുതോന്നി. അന്ന് ശമര്യ്യയിൻ ഫിലിപ്പോസ് മുഖാന്തരം വലിയ അടയാങ്ങളും അത്ഭുതങ്ങളും നടന്നു. യഹൂദന്മാരാൽ വെറുക്കപ്പെട്ട ആയിരക്കണക്കിനു ശമര്യർ യേശുവിനെ സ്വീകരിച്ചു. സഭ വർദ്ധിച്ചതുപോലെ, ഞങ്ങളുടെ ട്രൈബൽ മിഷൻ പ്രവർത്തനങ്ങളിൽ വയനാട് പ്രദേശങ്ങളിലാണു വലിയ കൊയിത്തു നടന്നുകൊണ്ടിരിക്കുന്നത്. നസ്കലൈറ്റുകൾ മാനസാന്തരപ്പെട്ടു ബൈബിൾ കോളേജിൽ പഠിക്കുന്നു. അവർ തന്നെ സഭയെ നടത്തുന്ന പാസ്റ്റർമാരായും മാറിയിരിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

☐ അവിടെ **ഡീ അഡിക്ഷൻ സെന്റർ** ഞങ്ങൾ ആരംഭിച്ചിരിക്കുന്നു. മദ്യപാനത്തിൽ നിന്നും, കഞ്ചാവിന്റെ അടിമത്വത്തിൽ നിന്നും, വിടുതൽ നേടൻ ആഗ്രഹിക്കുന്നവർക്ക് ഒരു കൗൺസലിംഗ് സെന്ററും ഞങ്ങൾ ആരംഭിച്ചിരിക്കുന്നു. മരുന്നോ കുത്തിവയ്പ്പോ ഇല്ലാതെ വെറും പ്രാർത്ഥനയും ബൈബിൾ പഠനവും അവരുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തിയിരിക്കുന്നു. ഞങ്ങളുടെ സെന്ററിൽ വന്നിട്ടു പോയവർ 15 വർഷങ്ങളായി കുടിനിർത്തിയ സാക്ഷി നേരിട്ടു കാണാൻ സാധിച്ചു. അതേ വയനാട്ടിൽ ഗവൺമെന്റ് നടത്തുന്ന ഡീ അഡിക്ഷൻ സെന്ററിൽ കുത്തിവയ്പ്പും മരുന്നും കഴിച്ചിട്ടു 5 വർഷം കഴിഞ്ഞു. പലരും കുടിയന്മാരായി മാറി. ഞങ്ങളുടെ സെന്ററിൽ കുത്തിവയ്പും മരുന്നും ഇല്ലാതെ മിഷനറിമാരുടെ പ്രാർത്ഥനയും ദൈവസാന്നിദ്ധ്യവും മൂലമാണ് ഈ വലിയ ജയം നസ്ലൈറ്റുകൾക്കും കുടിയന്മാർക്കും കിട്ടിയത്.

## ONLINE BANKING

**A/c Name : Dr. M.G.E.PUSHPARAJ**

**1) Bank Name : STATE BANK OF INDIA - Srirangapalayam Branch-SALEM-1970**

**(*Overseas Doners):* A/c No. 10764116842, Swift code: SBININBB637**

**(INDIA DONERS): IFSC CODE : SBIN0001970- A/c No.10764116842**

**2) Bank Name: CANARA BANK, (Suramangalam Branch) - 1219**

**(Overseas Doners): SWIFT CODE: CNRBINBBSLM - A/c No. 1219101013622**

**(INDIA DONERS): IFSC CODE : CNRB0001219 - A/c No. 1219101013622,**

**MICR CODE: 636015005.**

**DECEMBER-2019**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**

| | |
|---|---|
| **India** | **- Rs.60/** |
| **Foreign** | **- Rs.600/** |

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.